SOCIAL JUSTICE DEPARTMENT
care, protection & empowerment

# സുനീതി

ത്രൈമാസ വാർത്താപത്രിക
സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരണം

## കേരളീയം പ്രത്യേക പതിപ്പ്

കേരളീയം
Keraleeyam

ലക്കം 12
ഒക്ടോബർ 2023



## സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അനുബന്ധസ്ഥാപനങ്ങൾ

### കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM)



സാമൂഹ്യസുരക്ഷയും പരിഗണനയും ഏറെ ആവശ്യമുള്ള ഭിന്നശേഷിക്കാർ, നിരാലംബരും ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ ജനവിഭാഗങ്ങൾ എന്നിവരുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി വിവിധ പദ്ധതികളിലൂടെ അടിയന്തിര ഇടപെടൽ നടത്തുന്നു

പൂജപ്പുര, തിരുവനന്തപുരം 695012    ഫോൺ: 0471 2341200
socialsecuritymission@gmail.com    www.socialsecuritymission.gov.in

### ഓർഫനേജ് കൺട്രോൾ ബോർഡ് (OCB)



അനാഥ അഗതികളെ സംരക്ഷിക്കുന്ന സന്നദ്ധ സ്ഥാപനങ്ങൾക്ക് അംഗീകാരവും അവയുടെ മേൽനോട്ടവും നിയന്ത്രണവുമാണ് മുഖ്യ ചുമതല.

3ാം ഫ്ളോർ, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ 0471 2303077    orphanagecontrolboardkerala@gmail.com

### കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ (KSDAWC)



ഭിന്നശേഷിയുള്ള ഗുണഭോക്താക്കളെ, പരിമിതികളെ മറികടന്ന് സമൂഹത്തിന്റെ മുൻ നിരയിലെത്തിക്കുന്നതിനായി പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്നു.

പൂജപ്പുര പി.ഒ., തിരുവനന്തപുരം 695012    ഫോൺ: 0471 2347768
kshpwc2017@gmail.com    www.hpwc.kerala.gov.in


### ഭിന്നശേഷിക്കാരുടെ സംസ്ഥാന കമ്മീഷണറേറ്റ്



ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണനിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് മേൽ നോട്ടം വഹിക്കുന്നു.

ആഞ്ജനേയ, 9/1023(1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം,
തിരുവനന്തപുരം - 695010    scpwdkerala@gmail.com


### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH)




ഭിന്നശേഷിക്കാരുടെ സമഗ്രവികസനത്തിനായി ക്ലിനിക്കുകൾ, ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, വിവിധ പാഠ്യപദ്ധതികൾ, ഗവേഷണ പഠനങ്ങൾ എന്നിവ നടത്തുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

നിഷ് റോഡ്, ശ്രീകാര്യം പി ഒ, തിരുവനന്തപുരം-695 017
ഫോൺ: +91-471- 2944 601/2596 919    ഫാക്സ്: +91-471-2944 699
ഇ മെയിൽ: nishinfo@nish.ac.in    വെബ്സൈറ്റ്: www.nish.ac.in

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (NIPMR)




സ്വതന്ത്രമായി ജീവിക്കുന്നതിന് ഭിന്നശേഷിക്കാരെ പ്രാപ്തരാക്കുന്നതിനും ഈ മേഖലയിലെ സമ്പൂർണ്ണ ശാക്തീകരണം ലക്ഷ്യമാക്കിയും പ്രവർത്തിക്കുന്നു.

കല്ലേറ്റുംകര പി.ഒ, തൃശൂർ - 680683    ഫോൺ : 0480 2881959
info@nipmr.org.in    www.nipmr.org.in



എച്ച്. ദിനേശൻ ഐ.എ.എസ്
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
ചീഫ് എഡിറ്റർ

## കേരളീയത്തോടൊപ്പം സുനീതിയും

വികസന നേട്ടങ്ങളിൽ രാജ്യത്തിന് തന്നെ മാതൃകയായി കേരളം വളരുകയാണ്. എല്ലാ മേഖലകളിലും അഭിമാനകരമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന കേരളത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സർക്കാർ സംഘടിപ്പിക്കുന്ന ബൃഹദ് പരിപാടിയാണ് 'കേരളീയം'. വികസനത്തിന്റെ കേരള മാതൃകയെ ആഗോള ശ്രദ്ധയിലേക്കെത്തിച്ച്, ജനപങ്കാളിത്തത്തോടെ മികവുറ്റ നവകേരളം സൃഷ്ടിക്കുന്നതിനുള്ള നൂതനമായ ഒരു ചുവട് വയ്പാണ് കേരളീയം.

വികസിത രാജ്യങ്ങൾക്ക് സമാനമായ രീതിയിൽ സംസ്ഥാനം സ്വായത്തമാക്കിയ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ഈ വേളയിൽ സാമൂഹ്യനീതി വകുപ്പ് 'സുനീതി' ത്രൈ മാസിക പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്. രാജ്യത്തിന് തന്നെ മാതൃകയായി കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും വഹിക്കുന്ന പങ്ക് വ്യക്തമാക്കുന്ന ഈ പ്രത്യേക പതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു.

നമുക്ക് സ്നേഹിക്കാം നമ്മുടെ നാടിനെ, നമുക്ക് മറക്കാതിരിക്കാം മലയാള ഭാഷയെ, നമുക്ക് അഭിമാനിക്കാം കേരളത്തിൻറെ തനിമയിൽ, നന്മയിൽ.

എല്ലാവർക്കും സ്നേഹം നിറഞ്ഞ കേരളപ്പിറവി ആശംസകൾ

### ഉള്ളടക്കം

സാമൂഹ്യ നീതി : സമഗ്രവികസനം....................4

നീതിയുക്ത സാമൂഹ്യജീവിതത്തിന്
നിതാന്ത ജാഗ്രതയോടെ ....................5

ഭിന്നശേഷി സൗഹൃദം : കേരളം മാതൃക ....................9

മികവിന് അംഗീകാരമായി വയോസേവന
പുരസ്കാരം ....................11

നിഷ്–ഭിന്നശേഷി ശാക്തീകരണത്തിന്റെ മുഖമുദ്ര ..........14

നിപ്മർ ....................18

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ....................21

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ....23

ഓർഫനേജ് കൺട്രോൾ ബോർഡ്....................25

സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ
– ജില്ലകളിലൂടെ ....................27

വയോജന ദിനാഘോഷം – ജില്ലകളിൽ ....................32




മുഖചിത്രം : ആജീവനാന്ത സമഗ്ര സംഭാവനയ്ക്കുള്ള സാമൂഹ്യനീതി വകുപ്പിൻറെ വയോസേവന പുരസ്കാരം ചലച്ചിത്ര താരം പത്മശ്രീ മധുവിന് ഉന്നതവിദ്യാഭ്യാസ–സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു സമ്മാനിക്കുന്നു.

പത്രാധിപസമിതി
ജലജ എസ്
സുരേഷ് കുമാർ കെ വി
അഷ്റഫ് കെ ടി
ഡോ. സുജ കെ കുന്നത്ത്
മൊയ്തീൻ കുട്ടി കെ
ചന്ദ്രബാബു സി
എം കെ സിനുകുമാർ
ഹരികുമാർ ആർ എസ്
അജിലാൽ
വിദ്യ കെ വി
രഞ്ജിത്ത് ആർ പി

ഡിജിറ്റൽ പതിപ്പിനായി ക്യു.ആർ. കോഡ് സ്കാൻ ചെയ്യുക

സുനീതിയിലേക്കുള്ള അഭിപ്രായങ്ങളും രചനകളും നിർദ്ദേശങ്ങളും അയക്കേണ്ട വിലാസം sjdsuneethi@gmail.com

എഡിറ്റിങ് : സപ്ന കെ
ലേഔട്ട് : സ്വപ്ന പി



ഡോ. ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി ടു ഗവൺമെന്റ് ,
സാമൂഹ്യ നീതി വകുപ്പ്

# സാമൂഹ്യ നീതി : സമഗ്രവികസനം

എല്ലാ മേഖലയിലും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സുസ്ഥിരവും സമഗ്രവുമായ വികസനമാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ഫലപ്രദമായ നിരവധി പദ്ധതികളാണ് സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ, കുറ്റകൃത്യങ്ങൾ ചെയ്തതിന്റെ പേരിൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടുപോകുന്നവർ തുടങ്ങി പ്രത്യേക ശ്രദ്ധയും കരുതലും വേണ്ടവരുടെ ക്ഷേമവും അവകാശ സംരക്ഷണവും നീതിയും ഉറപ്പാക്കുന്ന പദ്ധതികൾ വകുപ്പു വഴി നടപ്പിലാക്കുന്നു. 'തടസ്സരഹിത' കേരളം എന്ന ലക്ഷ്യവുമായി ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നു. 'മഴവില്ല്' പദ്ധതി ഉൾപ്പെടെ ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പുനരധിവാസം, ക്ഷേമം എന്നിവയ്ക്കായി പദ്ധതികൾ നടപ്പാക്കുന്നു.

വയോജനങ്ങൾക്ക് നീതിയും healthy ageing ഉം ഉറപ്പാക്കുന്നതിന് വകുപ്പ് പ്രവർത്തിക്കുന്നു. അടിയന്തരമായി മരുന്നും ആരോഗ്യ സംരക്ഷണവും സഹായവും നൽകുന്ന 'വയോരക്ഷ' പദ്ധതി, പ്രമേഹ രോഗികൾക്കായുള്ള 'വയോമധുരം' പദ്ധതി, കൃത്രിമ ദന്തനിര നൽകുന്ന 'മന്ദഹാസം' പദ്ധതി, വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് ആയുർവേദ ചികിത്സ നൽകുന്നതിന് 'വയോ അമൃതം' തുടങ്ങി വയോജനസൌഹൃദ പദ്ധതികൾ വയോജനങ്ങൾക്ക് വേണ്ടി നടപ്പാക്കുന്നു.

സാമൂഹ്യ പ്രതിരോധ മേഖലയിലും ലഹരി വിരുദ്ധബോധവൽക്കരണ രംഗത്തും ശ്രദ്ധേയമായ പദ്ധതികൾ വകുപ്പ് നിർവ്വഹിക്കുന്നു. വികസനത്തിലും പുരോഗതിയിലും കേരളം അഭിമാനാർഹമായ മുന്നേറ്റമുണ്ടാക്കിയതിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾക്കും വലിയ പങ്കുണ്ട്. കേരളത്തിൻറെ നേട്ടങ്ങളും സാംസ്കാരിക പാരമ്പര്യവും ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടുന്ന കേരളീയം പരിപാടിയുടെ ഭാഗമായി ' സുനീതി' ത്രൈമാസികയുടെ കേരളീയം പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷവും അഭിമാനവും അറിയിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.



# നീതിയുക്ത സാമൂഹ്യജീവിതത്തിന് നിതാന്ത ജാഗ്രതയോടെ


**ഡോ. ആർ ബിന്ദു**
ഉന്നതവിദ്യാഭ്യാസ,
സാമൂഹ്യനീതി വകുപ്പ് മന്ത്രി


സാമൂഹ്യനീതിക്കും ക്ഷേമത്തിനും വേണ്ടിയുള്ള സമഗ്രവും ബഹുമുഖവുമായ പ്രവർത്തനങ്ങളിലാണ് കേരള സർക്കാർ. വിവിധ വകുപ്പുകൾ മുഖേന ഇതിനായി നടപ്പാക്കുന്ന വൈവിധ്യമാർന്ന പരിപാടികളിൽ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ് ജെൻഡർ വ്യക്തികൾ, പ്രൊബേഷൻ തടവുകാർ എന്നിവരുടെ ശാക്തീകരണത്തിൽ ഊന്നിയാണ് സാമൂഹ്യനീതിവകുപ്പിന്റെ പ്രവർത്തനം.

മുതിർന്ന പൗരന്മാരുടെ എണ്ണം ഇന്ത്യയിലെ മറ്റേതൊരു ഭാഗത്തേക്കാളും ഉയർന്ന അനുപാതത്തിലാണ് കേരളത്തിലെ ജനസംഖ്യയിൽ. സംസ്ഥാനത്തെ സാമൂഹ്യവികസനത്തിലെ ഉയർന്ന നിലകളുടെ വലിയൊരു ഫലമാണ് ഈ ഉയർന്ന ആയുർദൈർഘ്യവും അതോടൊപ്പം തന്നെ മരണനിരക്കിൽ വന്നിട്ടുള്ള കുറവും. ഇവ വഴി കേരളത്തിലെ വയോജനസംഖ്യ 2001ൽ ഉണ്ടായിരുന്ന 10.5 ശതമാനത്തിൽനിന്ന് 2011ൽ 12.6 ശതമാനത്തിലേക്ക് ഉയർന്നതായി കണക്കുകളിൽ കാണാം. 2025 ആകുമ്പോഴേക്കും ഇത് 23 ശതമാനമായി ഉയരുമെന്ന് പ്രവചിക്കപ്പെടുന്നു.



ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങളെയാണ് ഈ കണക്കുകൾ തീർച്ചയായും പ്രതിഫലിപ്പിക്കുന്നത്. അതേസമയം, ജനസംഖ്യാപരമായ മാറ്റങ്ങൾ സംസ്ഥാനത്തിനു പൊതുവിലും വയോജനങ്ങൾക്ക് വിശേഷിച്ചും ചില വെല്ലുവിളികൾ ഉയർത്തുന്നുമുണ്ട്. സക്രിയവും ഭാവനാത്മകവുമായ നടപടികൾ ഇത് ആവശ്യപ്പെടുന്നു. ഈ ഉത്തരവാദിത്തം തിരിച്ചറിഞ്ഞാണ്, വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പരാധീനതകൾ പരിഹരിക്കാനും അവർ മെച്ചപ്പെട്ട ആരോഗ്യത്തോടെ ജീവിക്കുന്നുവെന്ന് ഉറപ്പാക്കാനും മുതിർന്ന പൗരന്മാർക്കായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് വിഭാവനം ചെയ്യുന്നത്. വൃദ്ധസദനങ്ങളെയും പകൽവീടുകളെയും പിന്തുണയ്ക്കുന്നതിലും രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും നിയമം (2007) ഫലപ്രദമായി നടപ്പാക്കുന്നതിലുമെല്ലാം ഈ നിലയ്ക്കുള്ള ദീർഘകാല കാഴ്ചപ്പാടോടെയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ.

2011ലെ സെൻസസ് പ്രകാരം കേരളത്തിലെ വയോജനങ്ങളുടെ എണ്ണം 65.46 ലക്ഷമാണ്. ഇവരിൽ 49.84 ലക്ഷം പേർക്ക് (അതായത്, 76.13% പേർക്ക്) ഏതെങ്കിലും വിധത്തിലുള്ള ഒരു പെൻഷൻ ലഭിച്ചുവരുന്നത് റിസർവ്വ് ബാങ്ക് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. നിലവിൽ, താഴ്ന്ന വരുമാനക്കാരായ 29.42 ലക്ഷം മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യ പെൻഷൻ നൽകിവരുന്നുണ്ട്. 'വയോമിത്രം' പദ്ധതിയിൽ സൗജന്യമായ വയോജന പരിചരണം, മെഡിക്കൽ സേവനങ്ങൾ, സാന്ത്വന പരിചരണം, മരുന്നുകൾ, ആരോഗ്യ ക്ലാസുകൾ മുതലായവ വാതിൽപ്പടി സേവനമായി ഇവർക്ക് ലഭ്യമാക്കുന്നു. നിലവിലുള്ള 91 നഗരസഭാ പ്രദേശങ്ങൾക്ക് പുറമെ, ബ്ലോക്ക് പഞ്ചായത്തുകളിൽക്കൂടി വയോമിത്രം പദ്ധതി വ്യാപിപ്പിക്കാൻ നടപടിയായിട്ടുണ്ട്. ഡിമെൻഷ്യ/ അൽഷിമേഴ്സ് മെമ്മറി സ്ക്രീനിങ് ക്ലിനിക് എന്നെ പുതിയ പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 'ഓർമ്മത്തോണി' എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വയോമിത്രം പദ്ധതി ഉപഭോക്താക്കളായ ഡിമെൻഷ്യ/ അൽഷിമേഴ്സ് ബാധിതരെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്താനും പരിചരണം ഉറപ്പാക്കാനുമാണ് 'ഓർമ്മത്തോണി'.

സാമൂഹിക മേൽനോട്ടത്തിലുള്ള സാന്ത്വന പരിചരണ പരിപാടികളുടെ വിപുലമായ ശൃംഖല കേരളത്തിലുണ്ട്. ജീവിതസായന്തനത്തിൽ വയോജനത ഏറ്റവും കൂടുതൽ

പ്രയോജനപ്പെടുത്തി വരുന്ന സൗകര്യങ്ങളാണിവ. സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയമനുസരിച്ച്, സാന്ത്വന പരിചരണം പ്രാഥമികാരോഗ്യ സേവനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. 'സായംപ്രഭ' പോലെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വയോജനങ്ങൾക്കായി മറ്റു വിവിധ ക്ഷേമപ്രവർത്തനങ്ങളും സാമൂഹ്യനീതി വകുപ്പ് ഏകോപിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക–സാമ്പത്തിക വികസനത്തിന് വലിയ സാധ്യതയുള്ള ഒരു വിഭാഗമായാണ് സംസ്ഥാന സർക്കാർ വയോജനതയെ കാണുന്നതും പദ്ധതികൾ ഒരുക്കുന്നതും. അവരെ ശാക്തീകരിക്കാനും ആരോഗ്യകരവും സുരക്ഷിതവും ഉൽപ്പാദനപരവുമായ ജീവിതം അവർക്ക് ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുള്ളവയാണ് ഈ പദ്ധതികളെല്ലാം. വയോജനക്ഷേമ രംഗത്ത് സംസ്ഥാന സർക്കാർ നടപ്പാക്കിയ വയോമിത്രം പദ്ധതിയുൾപ്പെടെയുള്ളവയിലെ മികവ് പരിഗണിച്ച് കേന്ദ്രസർക്കാർ നൽകിയ 'വയോശ്രേഷ്ഠ സമ്മാൻ' പുരസ്കാരം 2017, 2021 വർഷങ്ങളിൽ കേരളം ലഭിച്ചത് ഈ രംഗത്തെ കേരളത്തിന്റെ സ്ഥായിയായ പ്രവർത്തനങ്ങളുടെ വിജയത്തിനുള്ള അംഗീകാരമാണ്.

വയോസേവന മേഖലയിലെ ഈ പ്രവർത്തനങ്ങൾക്ക് പുറമെ, വയോജനങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം നിർദേശിക്കാൻ വിവിധ നടപടികളും സർക്കാർ കൈക്കൊണ്ടുതുടങ്ങി. ഇതിന്റെ ഭാഗമായാണ് സംസ്ഥാന വയോജന നയം പരിഷ്കരിക്കാനുള്ള നടപടികൾ. സംസ്ഥാനത്ത് ഒരു വയോജന കമ്മീഷൻ രൂപീകരിക്കാനുള്ള നിയമനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഒപ്പംതന്നെ, വിപുലമായ വയോജന സർവ്വേയും നടത്താനൊരുങ്ങുകയാണ്. അവരുടെ പ്രത്യേകതകളും സൗകര്യങ്ങളും ആവശ്യങ്ങളും സംബന്ധിച്ച കണക്കുകൾ സെൻസസ് അടിസ്ഥാനത്തിൽ തയ്യാറാക്കും. പ്രായം, ജൻഡർ, ഭിന്നശേഷി, പാർശ്വവത്കരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഇവരെ തരംതിരിച്ച്, അവ അടിസ്ഥാനമാക്കി ഓരോ പ്രദേശത്തും ഓരോ വിഭാഗത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാനാണ് പ്രാരംഭ നടപടികൾ ആയിരിക്കുന്നത്. അതുവഴി, വിവിധ മേഖലകളിൽ വിദഗ്ധാനുഭവമുള്ള വയോജനങ്ങളുടെ പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ നമുക്കാവും.

ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളും ഇതേ പ്രാധാന്യത്തോടെ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്തിട്ടുള്ളതാണ്. കേരള സാമൂഹ്യസുരക്ഷാ മിഷൻ (കെഎസ്എസ്എം) പൂർത്തിയാക്കിയ പ്രത്യേക സർവേ പ്രകാരം, കേരളത്തിലെ ഭിന്നശേഷിക്കാർ സംസ്ഥാന ജനസംഖ്യയുടെ 23 ശതമാനം വരും. സാമൂഹ്യനീതി ഡയറക്ടറേറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്), കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ) തുടങ്ങി വിവിധ കുടക്കീഴിലായാണ് ഭിന്നശേഷിജനതയുടെ ക്ഷേമത്തിനും അവരെ മുഖ്യധാരയിൽ കൈപിടിച്ചുയർത്താനുമുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ് നേതൃത്വം നൽകുന്നത്.

ജീവിതചക്രമാകെ ഭിന്നശേഷിജനതയ്ക്ക് വേണ്ട പിന്തുണാ സംവിധാനമൊരുക്കുന്ന സമീപനമാണ് സർക്കാർ പിന്തുടരുന്നത്. 'അനുയാത്ര' എന്ന ഏകീകൃത പദ്ധതിക്ക് കീഴിൽ ഇവർക്ക് സഹായഹസ്തങ്ങൾ എത്തിക്കുന്നതിലെ സമീപനം അതാണ്. പ്രതിരോധ നടപടികൾ, നേരത്തെയുള്ള സ്ക്രീനിംഗ്, ഏർലി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടക്കത്തിലേയുള്ള ഇടപെടൽ എന്നിവ ഈ സമീപനത്തിന്റെ ഭാഗമാണ്. മറ്റ് ആരോഗ്യ–സാമൂഹിക മേഖലയിലെ സ്ഥാപനങ്ങൾ, പ്രത്യേക അങ്കണവാടികൾ വഴിയുള്ള വിദ്യാഭ്യാസം, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് സ്കൂളുകൾ, മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ, ഉൾച്ചേർക്കൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനം, സാമൂഹികാധിഷ്ഠിത പുനരധിവാസം, അസിസ്റ്റഡ് ലിവിംഗ് പ്രോജക്ടുകൾ തുടങ്ങിയവയിലൂടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്. ഓരോ വർഷവും മൂന്നു മുതൽ ആറുവരെ ലക്ഷം കുട്ടികൾക്ക് 'അനുയാത്ര' പദ്ധതികളുടെ പ്രയോജനം നല്കാനാവുന്നുണ്ട്.

ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൈപ്പിടിക്കുന്ന 'അതിജീവനം', ബൗദ്ധിക വെല്ലുവിളികളുള്ളവരുടെ പുനരധിവാസത്തിനുള്ള 'പ്രതീക്ഷ', സാമ്പത്തിക സഹായമെത്തിക്കുന്ന 'ആശ്വാസകിരണം', ഭേദമോ പ്രയാസമോ കൂടാതെ സ്വതന്ത്ര സഞ്ചാരം ഉറപ്പാക്കാനുള്ള 'തടസ്സരഹിത കേരളം' (ബാരിയർ ഫ്രീ കേരള) പദ്ധതി തുടങ്ങിയവ ഈ നിരയിലുള്ള പ്രവർത്തനങ്ങളിൽ എടുത്തു പറയാവുന്നവയാണ്.





വിദ്യാഭ്യാസ പിന്തുണ, സ്വയംതൊഴിൽ വായ്പകൾ, പരമാവധി സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ ഉറപ്പാക്കൽ, നൈപുണ്യ പരിശീലനം എന്നിവ മറ്റു വകുപ്പുകൾ വഴിയും സാമൂഹ്യനീതി വകുപ്പ് ഇവർക്ക് ഉറപ്പാക്കുന്നു. 2021–ലെ കണക്കനുസരിച്ച്, ' ഇൻക്ലൂസീവ് എജ്യുക്കേഷൻ ഇൻ സ്കൂൾസ്' പദ്ധതിയ്ക്ക് കീഴിൽ 45 സ്പെഷ്യൽ സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബൗദ്ധികപരിമിതിയുള്ള കുട്ടികൾക്ക് പരിചരണം ഉറപ്പാക്കുന്ന അംഗീകൃത സ്ഥാപനങ്ങൾക്ക് ആൾട്ടർനേറ്റിവ് ആന്റ് ഇന്നൊവേറ്റീവ് എജ്യുക്കേഷൻ സെന്റർ (എടിഇ) അഥവാ മൾട്ടി–ഗ്രേഡ് ലേണിംഗ് സെന്റർ (എംജിഎൽസി) പദ്ധതി വഴി സാമ്പത്തിക സഹായം നൽകുന്നു. സർക്കാർ സേവനങ്ങളിലെ നാല് ശതമാനം ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തതും അവർക്കുള്ള സംവരണത്തിനുള്ള സുപ്രധാന തസ്തികകൾ കണ്ടെത്തിയതും സമീപകാലത്തെ സുപ്രധാന നടപടികളാണ്. ഇവയെല്ലാം വഴി ഭിന്നശേഷിയുള്ളവർക്ക് സ്വന്തം കഴിവുകൾ വികസിപ്പിക്കാനും അന്തസ്സോടെ ജീവിക്കാനുമുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് കേരളം.



ട്രാൻസ്ജെന്റർ സമൂഹത്തിന്റെ കാര്യത്തിലും, അവരുടെ സാമൂഹികവും വ്യക്തിപരവുമായ ഉന്നമനം ലക്ഷ്യമാക്കി തയ്യാറാക്കിയ പ്രവർത്തന പദ്ധതികൾ ചിട്ടയായി മുന്നോട്ടു കൊണ്ടു പോകുന്നതിൽ ഏതു സംസ്ഥാനത്തിനും മാതൃകയാണ് കേരളം. സമസ്തമേഖലകളിലും ട്രാൻസ് വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്താനുതകുന്ന വിധത്തിലാണ് ഈ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ് ഏകോപിപ്പിക്കുന്നത്.



ട്രാൻസ്ജെന്റർ വ്യക്തികളുടെ അവകാശ സംരക്ഷണ നിയമം തുല്യാവകാശം മുന്നോട്ടുവെക്കുമ്പോഴും ട്രാൻസ് വ്യക്തികളിൽ ഭൂരിഭാഗവും ഒറ്റപ്പെട്ടു കഴിയുന്നവരും നിരാശ്രയ സാഹചര്യങ്ങളിൽ ജീവിക്കുന്നവരുമാണ്. സ്വന്തമായ ജീവനോപാധികളുടെ അഭാവം വഴി അവരിൽ പലർക്കും സമൂഹം അംഗീകരിക്കാത്ത തൊഴിലുകളിൽ ഏർപ്പെട്ട് ജീവിക്കേണ്ടിയും വരുന്നു. ഇത്തരം പ്രവൃത്തികളിൽനിന്ന് അവരെ മോചിപ്പിക്കണമെങ്കിൽ സ്വന്തം അഭിരുചിക്കൊത്ത തൊഴിലുകൾ അവർക്ക് ലഭിക്കണം. അതിനുള്ള പരിശീലനം നൽകി സ്വയം പര്യാപ്തരായി ജീവിക്കാൻ ട്രാൻസ് വ്യക്തികൾക്ക് സന്ദർഭമൊരുക്കാനാണ് ' സാകല്യം' പദ്ധതി.

ദൈനംദിന ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന പ്രതിസന്ധികൾക്കു പുറമെ, ലിംഗമാറ്റ ശാസ്ത്രക്രിയയുടെയും തുടർന്നുള്ള ഹോർമോൺ ചികിത്സകളുടെയും ഭാഗമായി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് നേരിടേണ്ടിവരുന്നു. ശസ്ത്രക്രിയയിലെ പിഴവുകൾകൊണ്ട് സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവാതെ ജീവനൊടുക്കുന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രതിസന്ധികളും, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവയും കൈകാര്യം ചെയ്യാനും അടിയന്തിരപരിഹാരം വേണ്ടിടത്ത് ഇടപെടാനും ലക്ഷ്യംവെച്ചാണ് ' കരുതൽ' പദ്ധതി. വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലനത്തിന് ധനസഹായം ലഭ്യമാക്കാനാണ് ' യത്നം'.

' മഴവില്ല്' എന്ന പേരിലാണ് ട്രാൻസ് വ്യക്തികളുടെ സർവ്വതോമുഖമായ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതിവകുപ്പ് ഏകോപിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിലും തുടർവിദ്യാഭ്യാസത്തിലുമാണ് ഈ പദ്ധതികളുടെ പൊതു ഊന്നൽ. കഴിവിനും അഭിരുചിക്കുമൊത്ത സാങ്കേതിക കോഴ്സുകളിൽ ട്രാൻസ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുക, അവിടങ്ങളിൽ പഠനം തുടരാനാവുന്നുണ്ടെന്ന് ഉറപ്പാക്കുക, പഠനശേഷമുള്ള തൊഴിൽസാധ്യതകൾ വർധിപ്പിക്കുന്ന നടപടികളുണ്ടാവുക എന്നിവ ട്രാൻസ് സമൂഹത്തിന്റെ പുനരധിവാസ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ വരുന്നതാണ്. പഠനം തുടരാൻ ചുറ്റുപാടില്ലാതെ പാതിവഴിയ്ക്ക് പഠനം ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ പരമാവധി നീക്കി ഉയരാൻ, അർഹരായ ട്രാൻസ് വിദ്യാർത്ഥികൾക്ക് ഡിഗ്രി/ ഡിപ്ലോമ തലത്തിൽ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് ' സഫലം'.

അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാനാവാതെ കൊഴിഞ്ഞുപോയവരാണ് ട്രാൻസ് വിദ്യാർത്ഥികളിൽ 58 ശതമാനം പേരെന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ വഴി നടത്തിയ സർവ്വേയിൽ തെളിഞ്ഞിരുന്നു. പാതിവഴിയിൽ പഠനം നിർത്തേണ്ടിവന്ന ട്രാൻസ് വ്യക്തികളെ കണ്ടെത്തിയ ഈ സർവ്വേയിൽ തുല്യതാ പരീക്ഷ എഴുതാൻ സന്നദ്ധരായ 914 പേരെ കണ്ടെത്തിയിരുന്നു. അദൃശ്യവത്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന ' സമന്വയ' എന്ന ഈ പദ്ധതി സംസ്ഥാന സാക്ഷരതാ മിഷൻ വഴി നടപ്പാക്കുന്നുണ്ട്. അടിസ്ഥാന സാക്ഷരത, നാല്, ഏഴ്, പത്ത്, പന്ത്രണ്ട് ക്ളാസുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായാണ് ' സമന്വയ' നടപ്പാക്കുന്നത്. പഠിതാക്കൾക്ക് വിദ്യാഭ്യാസസഹായവും താമസസൗകര്യവും ഇതോടൊപ്പം നൽകുന്നു.

ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് ഫീസ്, പഠനോപകരണം എന്നിവയ്ക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം എന്നിവയ്ക്ക് വേറെ സഹായവും ഇവർക്ക് ഉറപ്പാക്കിയിട്ടുണ്ട്.

സാമൂഹ്യപ്രതിരോധ മേഖലയിൽ പ്രൊബേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം .പ്രൊബേഷൻ നിയമപ്രകാരം തിരഞ്ഞെടുത്ത കുറ്റവാളികളെ ജയിലിൽ അയക്കുന്നതിന് പകരം പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ നല്ല നടപ്പിൽ വിടുകയും അവരുടെ പുനരധിവാസവും നവീകരണവും സാധ്യമാക്കുകയും ചെയ്യുന്ന ആധുനിക പ്രതിരോധ ചികിത്സാ സംവിധാനമാണ് പ്രൊബേഷൻ. പ്രൊബേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 'നേർവഴി' പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു. ജയിലിൽ കഴിയുന്നവരെയും കുറ്റകൃത്യങ്ങളിൽ അകപ്പെട്ടു പോകുന്നവരെയും സാമൂഹികവും മാനസികവുമായ പരിവർത്തനം നടത്തി സമൂഹത്തിനു പ്രയോജനപ്പെടുന്ന പൗരന്മാരാക്കി മാറ്റുക, കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുക, തുടങ്ങിയവയാണ് നേർവഴി പദ്ധതി വഴി ലക്ഷ്യമിടുന്നത് . ഇന്ത്യയിൽ ആദ്യമായി പ്രബേഷൻ പ്രോട്ടോക്കോളും, പ്രൊബേഷൻ നയവും രൂപീകരിച്ച സംസ്ഥാനം കേരളമാണ് .

2023 സെപ്റ്റംബറിലെ കണക്കുകൾ പ്രകാരം കേരളത്തിൽ 709 പേർ ജില്ലകളിലെ പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ നല്ല നടപ്പിൽ കഴിഞ്ഞു വരുന്നു. നല്ല നടപ്പിൽ കഴിഞ്ഞു വരുന്നവരുടെ മാനസിക പരിവർത്തനവും, അവരെ സമൂഹത്തിലെ ഉത്തമ പൗരന്മാരാക്കി മാറ്റുകയും ചെയ്യുന്ന നടപടികൾ സാമൂഹ്യനീതി വകുപ്പ് കാര്യക്ഷമമായി ചെയ്തു വരുന്നു. ജയിലിൽ കഴിയുന്നവരുടെ ആശ്രിതർക്കുള്ള സ്വയംതൊഴിൽ ധനസഹായം, ജയിലിൽ കഴിയുന്നവരുടെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായം ജയിലിൽ നിന്നും വിടുതൽ ചെയ്തവർക്കുള്ള സ്വയംതൊഴിൽ ധനസഹായം , ജയിലിൽ കഴിഞ്ഞു വരുന്നവരുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, തുടങ്ങിയ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നു. വിവിധ കോടതികൾ നല്ല നടപ്പിൽ വിട്ടിട്ടുള്ള പ്രബേഷണർമാർക്കുള്ള സ്വയംതൊഴിൽ ധനസഹായം, കുറ്റകൃത്യത്തിന് ഇരയായി ഗുരുതര പരിക്ക് പറ്റിയവർക്കുള്ള സ്വയംതൊഴിൽ ധനസഹായം, അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, മിത്രം തൊഴിൽ പരിശീലന പദ്ധതി തുടങ്ങിയ പദ്ധതികളും സാമൂഹ്യ പ്രതിരോധ മേഖലയിൽ സാമൂഹ്യനീതി വകുപ്പ് വഴി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.











# ഭിന്നശേഷി സൗഹൃദം : കേരളം മാതൃക



എസ്.എച്ച്. പഞ്ചാപകേശൻ
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

ഭിന്നശേഷിക്കാരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി The Person with Disabilities (Equal Opportunity, Protection of Rights and Full Participation) Act എന്ന നിയമം 1 9 9 5 – ൽ നമ്മുടെ രാജ്യത്ത് പാസ്സാക്കി. 1996 ഫെബ്രുവരി മാസം 7–ാം തീയതി ഈ നിയമം പ്രാബല്യത്തിൽ വന്നെങ്കിലും, 2013 ൽ ബഹു. സുപ്രീം കോടതിയുടെ 'നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്' (Union of India & another Vs. National Federation of the Blind – Civil Appeal No. 9096 of 2013) എന്ന കേസ്സിലെ വിധിന്യായം വരുന്നതുവരെ അത്തരമൊരു നിയമത്തിന്റെ സാന്നിദ്ധ്യം പലരും അറിഞ്ഞിരുന്നില്ല എന്നതാണ് വസ്തുത. നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേസിൽ 2013 ഒക്ടോബർ 8 ന് ഭിന്നശേഷിനിയമത്തിലെ ഉദ്യോഗസ്ഥ സംവരണം സംബന്ധിച്ച ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കണമെന്ന് ബഹു സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു. 1995 ലെ ഭിന്നശേഷി അവകാശ നിയമം പിന്നീട് റദ്ദാവുകയും ഇപ്പോഴത്തെ Rights of Persons with Disabilities Act. 2016, എന്ന പുതിയ നിയമം നിലവിൽ വരികയും ചെയ്തു. 1995–ലെ നിയമത്തിന്റെ പരിരക്ഷ 7 ഭിന്നശേഷി വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നുവെങ്കിൽ ഇപ്പോഴത്തെ നിയമ പ്രകാരം 21 ഭിന്നശേഷി വിഭാഗങ്ങളാണ് നിയമ പരിരക്ഷയ്ക്ക് അർഹരായിട്ടുള്ളത്. അവ താഴെ പറയുന്ന പ്രകാരമാണ്.

1. ചലന ഭിന്ന ശേഷി (Locomotor Disability)
2. മസ്കുലാർ ഡിസ്ട്രോഫി (Muscular Dystrophy)
3. മൾട്ടിപ്പിൾ സ്ക്ലീറോസിസ് (Multiple Sclerosis)
4. ഹ്രസ്വകായത്വം (Dwarfism)
5. അന്ധത (Blindness)
6. ഗുരുതരമായ കാഴ്ചക്കുറവ് (Low Vision)
7. പഠനപരമായ ഭിന്നശേഷി (Specific Learning Disabilities)
8. സംസാര ഭാഷാ ഭിന്നശേഷി (Speech & Learning Disability)
9. ബുദ്ധിപരമായ വെല്ലുവിളി (Intellectual Disability)
10. മാനസിക രോഗം (Mental Illness)
11. ഓട്ടിസം (Autism Spectrum Disorder)
12. കേൾവി ഇല്ലായ്മ (Deaf)
13. കുഷ്ഠ രോഗ വിമുക്തം (Leprosy Cured)
14. ഹീമോഫീലിയ (Heamophilia)
15. താലസീമിയ (Thalassemia)
16. അരിവാൾ രോഗം (Sickle Cell Disease)
17. സെറിബ്രൽ പാൾസി (Cerebral Palsy)
18. ഹാർഡ് ഓഫ് ഹിയറിംഗ് (Hard of Hearing)
19. ബഹു ഭിന്നശേഷി (Multiple Disabilities)
20. ആസിഡ് ആക്രമണത്തിനു വിധേയമായവർ (Acid Attack Victims)
21. പാർക്കിൻസൺസ് രോഗം (Parkinson's Disease)

2016 ലെ ഭിന്നശേഷി അവകാശ നിയമം (RPWD Act 2016) ഭിന്നശേഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു അവകാശാധിഷ്ഠിത നിയമമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഇപ്രകാരം നിയമത്തിന്റെ പിൻബലമുള്ള ഭിന്നശേഷി വ്യക്തികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴാണ് അവ സംരക്ഷിച്ചു കിട്ടുന്നതിനായി സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിനെ അവർ സമീപിക്കേണ്ടത്.

## നേട്ടങ്ങൾ

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ഇടപെടൽ മൂലം ഭിന്നശേഷി മേഖല കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. നിലവിലുള്ള എല്ലാ സർക്കാർ ബഹുനില മന്ദിരങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നമ്മുടെ സംസ്ഥാനത്ത് നടന്നു വരികയാണ്. പുതുതായി നിർമ്മിക്കുന്ന എല്ലാ സർക്കാർ ബഹുനില കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമായി മാത്രമേ നിർമ്മിക്കാൻ പാടുള്ളൂ എന്ന നിയമ വ്യവസ്ഥ നമ്മുടെ സംസ്ഥാനത്ത് കർശനമായി നടപ്പാക്കി വരുന്നു. ബഹുനില സ്വകാര്യ സംരംഭങ്ങളായ ഷോപ്പിംഗ് കോംപ്ലക്സുകൾ, മാളുകൾ തുടങ്ങിയവ കർശനമായും ഭിന്നശേഷി സൗഹൃദവുമായിരിക്കണം

എന്നും അത്തരം കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്ലാനുകളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ കാണിച്ചിട്ടില്ല എന്നു കാണുകയാണെങ്കിൽ ' ഒരു സാഹചര്യത്തിലും നിർമ്മാണം നടത്തുന്നതിനുള്ള അനുമതി നൽകാൻ പാടില്ല' എന്ന നിർദ്ദേശവും അധികൃതർക്ക് നൽകിയിട്ടുണ്ട്. അപ്രകാരമുള്ള സൗകര്യങ്ങൾ പ്ലാനിൽ രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി സമ്പാദിച്ച ശേഷം കെട്ടിട നിർമ്മാണം പൂർത്തിയാകുമ്പോൾ അത്തരം സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല എന്നു കണ്ടാൽ കെട്ടിടനമ്പർ നൽകാൻ പാടില്ല എന്നും കർശന നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് പ്രാപ്യതയുള്ള (accessibility) എല്ലാ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമായിരിക്കണം എന്ന നിയമ വ്യവസ്ഥ കർശനമായി തന്നെ നടപ്പാക്കി വരുകയാണ്. കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, ആശുപ്രതികൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷി ശുചിമുറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് സജ്ജമാക്കി വരികയാണ്. സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുൻകാല പ്രാബല്യത്തോടെ നിയമന കാര്യങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പാക്കി വരികയാണ്. ഈ മേഖലയിൽ ഇത്തരമൊരു ജോലി സംവരണം നടപ്പാക്കുക വഴി വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാർക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ തെളിഞ്ഞു വരുന്നുണ്ട്. സർക്കാർ വകുപ്പുകളിൽ 4% ഭിന്നശേഷി ജോലി സംവരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിക്കൊണ്ട് ഇതിനകം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതു മേഖലാ സ്ഥാപനങ്ങളിലും ഭിന്നശേഷി സംവരണം ഒരു കർശന നിയമവ്യവസ്ഥയാണ്.

റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള ചികിത്സാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സേവനം ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് പൊതുവായുള്ള "ക്യൂ" വിൽ കാത്തു നിൽക്കേണ്ട ആവശ്യമില്ല എന്നും ഇപ്പോൾ സർക്കാർ നിർദ്ദേശമുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഇൻഷുറൻസ് കമ്പനികളും ഭിന്നശേഷികാർക്ക് നിർബന്ധമായും ഇൻഷുറൻസ് പോളിസി നൽകുന്ന കാര്യം ബഹു.ഡൽഹി ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

വിവിധ കോഴ്സുകളുടെ പൊതു പരീക്ഷകളിൽ ഭിന്നശേഷി അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലുള്ള പരീക്ഷാ ആനുകൂല്യങ്ങളായ അധിക സമയം, സ്ക്രൈബിന്റെ സഹായം എന്നിവയ്ക്കു പുറമേ ഗ്രേസ് മാർക്ക്, പരീക്ഷാ കേന്ദ്രങ്ങളും പരിസരവും ഭിന്നശേഷി സൗഹൃദമാക്കൽ തുടങ്ങിയ എല്ലാ സംവിധാനങ്ങളും ഒരുക്കണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, വിവിധ യൂണിവേഴ്സിറ്റി അധികൃതർ എന്നിവർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. പത്താം ക്ലാസ്സ് പരീക്ഷ എഴുതുന്ന കുട്ടികളുടെ കാര്യത്തിൽ "Boarder line Intelligence' വിഭാഗത്തിനും പരീക്ഷാ ആനുകൂല്യങ്ങൾ നൽകണമെന്ന നിർദ്ദേശം ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എല്ലാ ആനുകൂല്യങ്ങളും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് നൽകണമെന്ന ബഹു. സുപ്രീം കോടതിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ (Delhi Technological University Vs Anamol Bhandari) നമ്മുടെ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റി അധികൃതർക്ക് ഇതു സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൂർണ്ണമായും അന്ധതയുള്ള വിദ്യാർത്ഥികൾക്ക് ബിരുദ തലത്തിൽ സയൻസ് (Physics, Chemistry, Zoology) ഐച്ഛിക വിഷയമായി എടുത്ത് പഠിക്കാൻ കഴിയില്ല എന്ന കേരള യൂണിവേഴ്സിറ്റി ചട്ടം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ഇടപെടൽ കൊണ്ട് മാറ്റുകയും ഇപ്പോൾ അത്തരം ഭിന്നശേഷി കുട്ടികൾക്ക് കൂടി സയൻസ് വിഷയങ്ങൾക്ക് പ്രവേശനം നൽകാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്തെ "LIFE' ഭവന നിർമ്മാണ പദ്ധതിയുൾപ്പെടെയുള്ള എല്ലാ സർക്കാർ പാർപ്പിട പദ്ധതികളിലും ഭിന്നശേഷി വിഭാഗങ്ങൾക്ക് 5% സംവരണം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ പ്രത്യേക ശുപാർശ പ്രകാരം നടപ്പാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ സർവ്വീസിൽ ഇരിക്കുന്ന വ്യക്തികൾ അപകടങ്ങൾ മൂലമോ അസുഖങ്ങൾ മൂലമോ ശയ്യാവലംബികളായി മാറുകയാണെങ്കിൽ അവർക്ക് വിരമിക്കൽ തീയതി വരെയോ, ജീവിതാവസാനം വരെയോ ഇവയിൽ ഏതാണ് ആദ്യം എന്നുവച്ചാൽ അതുവരെ സൂപ്പർ ന്യൂമററി ആയി സർവ്വീസിൽ തുടരാനും പൂർണ്ണമായ ശമ്പളവും, പ്രമോഷൻ, ഇൻക്രിമെന്റ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുമുള്ള സർക്കാർ ഉത്തരവും സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ പ്രത്യേക ശുപാർശ പ്രകാരം നൽകി വരുന്നുണ്ട്.

ഇപ്രകാരം നോക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അതിവേഗം ഭിന്നശേഷി സൗഹൃദമായിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ്. ഭിന്നശേഷി അവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന വ്യക്തികൾക്കോ, ഭിന്നശേഷി അവകാശ ലംഘനം മൂലം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കേണ്ടി വരുന്ന ഭിന്നശേഷി വ്യക്തികൾക്കോ അവരുടെ രക്ഷകർത്താകൾക്കോ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ ഓൺലൈൻ ആയോ, പോസ്റ്റൽ സംവിധാനത്തിലോ, നേരിട്ടോ പരാതികൾ സമർപ്പിക്കാവുന്നതാണ്. ഭിന്നശേഷി കമ്മീഷണറേറ്റിൽ ഇത്തരം കേസ്സുകൾ പരിഗണിക്കുന്നതും, പരിഹാരങ്ങൾ സാധ്യമാക്കുന്നതുമാണ്. വിദേശത്തു നിന്നുപോലും ഓൺലൈൻ മീറ്റിംഗിൽ പരാതികൾ വസ്തുനിഷ്ഠമായി ബോധ്യപ്പെടുത്തി പരിഹാരങ്ങൾ തേടാവുന്നതാണ്.

# മികവിന് അംഗീകാരമായി വയോസേവന പുരസ്കാരം




അന്താരാഷ്ട്ര വയോജനദിനമായ ഒക്ടോബർ 1 ന് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ഡി.സുരേഷ് കുമാറിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടികളുടെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു. സാമൂഹ്യനീതി വകുപ്പ് വയോജന മേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും മന്ത്രി വിശദമാക്കി. ഡിമൻഷ്യ ബാധിതരായ വയോജനങ്ങൾക്കായി 'ഓർമ്മത്തോണി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുന്ന വിവരം മന്ത്രി പ്രഖ്യാപിച്ചു അടുത്ത നിയമസഭാ സമ്മേളനത്തിൽ വയോജനങ്ങൾക്കായുള്ള സംസ്ഥാന വയോജന കമ്മിഷൻ സാക്ഷാത്ക്കരിക്കുന്നതിനായുള്ള ബിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു.

പരിപാടിയോടനുബന്ധിച്ച് മുതിർന്ന പൗരന്മാർ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ എന്നിവർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി.

വയോജന മേഖലയിൽ സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾ, സംഘടനകൾ എന്നിവർക്ക് സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ 2023 ലെ വയോസേവന അവാർഡുകളുടെ വിതരണം സാമൂഹ്യനീതി വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ഒരു ലക്ഷം രൂപയും ട്രോഫിയും അടങ്ങുന്ന ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ചലചിത്ര താരം ശ്രീ. മധു, കർഷകനായ ശ്രീ. ചെറുവയൽ കെ രാമൻ എന്നിവർക്ക് സമ്മാനിച്ചു. കായിക മേഖലയിലെ സംഭാവനയ്ക്കുള്ള പുരസ്കാരം ശ്രീ. ജി രവീന്ദ്രൻ(കണ്ണൂർ), ഡോ.പി.സി ഏലിയാമ്മ (പാലക്കാട്) എന്നിവർക്കും കലാ സാഹിത്യ മേഖലയിലെ സംഭാവനയ്ക്കുള്ള പുരസ്കാരം ശ്രീ വൽസൻ കൊല്ലേരി (ശിൽപകല), ശ്രീമതി. മച്ചാട്ട് വാസന്തി (പിന്നണിഗാനം) എന്നിവർക്കും ലഭിച്ചു. 25000/- രൂപയും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം. വയോജനമേഖലയിൽ മികച്ച സേവനം കാഴ്ച്ചവെച്ച കോർപ്പറേഷനുള്ള പുരസ്കാരം കോഴിക്കോടിനും, മുനിസിപ്പാലിറ്റിക്കുള്ള പുരസ്കാരം നിലമ്പൂർ മുനിസിപ്പാലിറ്റിയും കരസ്ഥമാക്കി. മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം കോഴിക്കോട് ജില്ലാ പഞ്ചായത്തും മികച്ച ഗ്രാമ പഞ്ചായത്തിനുള്ള പുരസ്കാരം എറണാകുളം ജില്ലയിലെ അന്നമനട, എലിക്കുളം ഗ്രാമ പഞ്ചായത്തുകളും കരസ്ഥമാക്കി. ഒരു ലക്ഷം രൂപയും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം.



വയോജനമേഖലയിൽ മികച്ച സേവനം കാഴ്ച്ചവെച്ച സർക്കാരിതര സ്ഥാപനത്തിനുള്ള പുരസ്ക്കാരം VOSARD, ഇടുക്കിയ്ക്ക് ലഭിച്ചു. 50000/- രൂപയും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം. മികച്ച മെയിന്റനൻസ് ട്രൈബ്യൂണൽ ആയി എറണാകുളം ഫോർട്ട് കൊച്ചി മെയിന്റനൻസ് ട്രൈബ്യൂണൽ തെരഞ്ഞെടുക്കപ്പെട്ടു. 50000/- രൂപയും ട്രോഫിയും അടങ്ങുന്നതാണ് പുരസ്കാരം.



സംസ്ഥാനതല വയോജന ദിനാഘോഷം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യയനീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.


ആജീവനാന്ത നേട്ടത്തിനുള്ള (കാർഷികം) വയോസേവന പുരസ്കാരം ശ്രീ.ചെറുവയൽ .കെ.രാമന് സമ്മാനിക്കുന്നു.


മികച്ച കായിക താരത്തിനുള്ള വയോസേവന പുരസ്കാരം ശ്രീ. രവീന്ദ്രൻ.ജിക്ക് സമ്മാനിക്കുന്നു.


സാമൂഹിക സാംസ്കാരിക, കലാരംഗം മികവിനുള്ള അംഗീകാരമായി വയോസേവന പുരസ്കാരം ശ്രീ.വത്സൻ കൊല്ലേരിക്ക് (ശിൽപ്പി) സമ്മാനിക്കുന്നു.


മികച്ച കായിക താരത്തിനുള്ള വയോസേവന പുരസ്കാരം ഡോ.പി.സി.ഏലിയാമ്മക്ക് സമ്മാനിക്കുന്നു.


കലാരംഗത്തെ മികവിനുള്ള അംഗീകാരമായി ശ്രീമതി. മച്ചാട്ട് വാസന്തിക്കുള്ള പുരസ്കാരം സമ്മാനിക്കുന്നു.


സർക്കാർ ഇതര സ്ഥാപനത്തിനുള്ള വയോസേവന പുരസ്കാരം ഇടുക്കി വൊസാർഡ് ഏറ്റുവാങ്ങുന്നു.



മികച്ച മെയിൻറനൻസ് ട്രിബ്യൂണലിനുള്ള പുരസ്കാരം ഫോർട്ട് കൊച്ചി മെയിൻറനൻസ് ട്രിബ്യൂണലിനു നൽകുന്നു.



മികച്ച കോർപ്പറേഷനുള്ള വയോസേവന പുരസ്കാരം കോഴിക്കോട് കോർപ്പറേഷന് സമ്മാനിക്കുന്നു.



മികച്ച മുനിസിപ്പാലിറ്റിക്കുള്ള പുരസ്കാരം നിലമ്പൂർ മുനിസിപ്പാലിറ്റിയ്ക്കു നൽകുന്നു.



മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കുന്നു.



മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിന് സമ്മാനിക്കുന്നു.



മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം അന്നമട ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു.



മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം എലിക്കുളം ഗ്രാമപഞ്ചായത്തിന് സമ്മാനിക്കുന്നു.

# നിഷ്-ഭിന്നശേഷി ശാക്തീകരണത്തിന്റെ മുഖമുദ്ര


NISH
*We are here because, we care*



## ചരിത്രത്തിലേയ്ക്ക് ഒരു കാൽവയ്പ്

1996–ൽ ശ്രീ. ഇ കെ നായനാർ മുഖ്യമന്ത്രിയായിരുന്ന സർക്കാറിന്റെ ഭരണകാലത്താണ്, ടെക്നോപാർക്ക് സ്ഥാപക ഡയറക്ടറായ ശ്രീ ജി വിജയരാഘവൻ, കേൾവിക്കുറവുള്ള കുട്ടികളുടെ പുനരധിവാസത്തിനായി സമഗ്രമായ ഒരു സ്ഥാപനം എന്ന ആശയം മുന്നോട്ടുവയ്ക്കുന്നത്. നവീനമായ ഈ ചുവടുവയ്പിന് മുഖ്യമന്ത്രി ശ്രീ നായനാർ, സാമൂഹ്യക്ഷേമ മന്ത്രി ശ്രീമതി സുശീലാ ഗോപാലൻ എന്നിവരുടെ പൂർണ്ണ പിന്തുണ ലഭിച്ചു. 1997–ൽ തിരുവനന്തപുരം പൂജപ്പുരയിലെ ഒരു വാടക കെട്ടിടത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് എന്ന് നിഷ് പ്രവർത്തനം തുടങ്ങി.


ശ്രീ ജി വിജയരാഘവൻ


ശ്രീ. ഇ കെ നായനാർ


ശ്രീമതി സുശീലാ ഗോപാലൻ

## ശ്രവണപരിമിതിയിൽ തുടക്കം

കേൾവി പരിശോധന, സ്പീച്ച് തെറാപ്പി, കേൾവി പരിമിതിയുള്ള കൊച്ചു കുട്ടികൾക്കായി ഏർലി ഇന്റെർവെൻഷൻ പ്രോഗ്രാം എന്നിവ ആയിരുന്നു നിഷ്–ന്റെ സ്ഥാപക ഉദ്ദേശ്യം.

കേരളത്തിലെ ശ്രവണപരിമിതരായ വിഭാഗങ്ങൾക്ക് നിഷ്–ന്റെ സേവനങ്ങൾ നൽകിയ ആശ്വാസം പ്രതീക്ഷിച്ചതിലും അപ്പുറമായിരുന്നു. അതുവരെ സ്പീച്ച് തെറാപ്പി, ഏർലി ഇന്റെർവെൻഷൻ എന്നിവയ്ക്കായി അയൽ സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിച്ചിരുന്നവർക്ക് നിഷ് തണലായി. കൃത്യതയാർന്ന മികവുറ്റ സേവനവും കരുതലും നൽകി നിഷ്–അവരുടെ വിശ്വാസം കാത്തുരക്ഷിച്ചു.

തിരുവനന്തപുരം നഗരത്തിൽ തന്നെ മൂന്ന് സെൻററുകൾ തുടങ്ങി കൊണ്ട് നിഷ്–പതിയെ അതിന്റെ സേവന പാത വിപുലീകരിക്കാൻ തുടങ്ങി.

സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞ കുട്ടികൾക്കായി കംപ്യൂട്ടർ ഡിപ്ലോമാ കോഴ്സ്, ശ്രവണപരിമിതി മേഖലയിൽ മാനവ വിഭവശേഷി വർദ്ധനയ്ക്കായി റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡിപ്ലോമാ

കോഴ്സുകൾ, കേരളാ യൂണിവേഴ്സിറ്റി അംഗീകൃത (ഇന്ന് കേരളാ ആരോഗ്യ സർവകലാശാല അംഗീകൃതം) ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വിജ് പതോളജി ബിരുദ കോഴ്സ് എന്നിവക്ക് രണ്ടു വർഷത്തിനകം തന്നെ നിഷ് തുടക്കമിട്ടു. അതിവേഗം നിഷ് വളരുകയായിരുന്നു.



## സ്വന്തം കാംപസ്, പുതിയ മേഖലകൾ

2007ൽ ആക്കുളത്ത് , സംസ്ഥാന ഗവൺമെൻറ് അനുവദിച്ച 10 ഏക്കറിൽ നിഷ് സ്വന്തം കാംപസ് പടുത്തുയർത്തി. ക്രമേണ ശ്രവണപരിമിതിക്കുപരിയായി മറ്റു ഭിന്നശേഷികളുടെ പുനരധിവാസത്തിലും നിഷ് ശ്രദ്ധപതിപ്പിച്ചു. ഓട്ടിസം, ലേണിംഗ് ഡിസെബിലിറ്റി, സെറിബ്രൽ പാൾസി, ഗ്ലോബൽ ഡെവലപ്മെൻറൽ ഡിലെ, തുടങ്ങി ആശയവിനിമയത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന നിരവധി ഭിന്നശേഷികളുടെ തിരിച്ചറിയൽ, പരിശീലനം, വിദ്യാഭ്യാസം, പുനരധിവാസം എന്നിവയിൽ ഇതോടെ നിഷ് മികവ് പുലർത്താൻ തുടങ്ങി.

## ഭിന്നശേഷി ശാക്തീകരണത്തിൽ സമഗ്രമായ പ്രവർത്തനം

നിഷ്-ൻറെ പ്രവർത്തനങ്ങളിൽ പ്രധാനമായ ഒന്നാണ് കേൾവിക്കുറവുള്ള കുട്ടികളുടെ പുനരധിവാസത്തിനായി സ്ഥാപിതമായ ഏർലി ഇൻറർവെൻഷൻ സെൻറർ. മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രവേശനം നൽകി അവരിൽ പ്രായാനുസൃതമായ ആശയവിനിമയ ശേഷിയും, ഭാഷയും, എഴുത്തും വായനയും വളർത്തിയെടുത്ത് മുഖ്യധാരാ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുകയാണ് ഇവിടെ. ഈ പരിശീലനത്തിനായി സംസ്ഥാനത്തിന് അങ്ങോളമിങ്ങോളമുള്ള നിരവധി കൊച്ചു കുട്ടികൾ ആക്കുളത്തെത്തുന്നു.

അത്യാധുനിക സംവിധാനമുള്ള ക്ലിനിക്കുകളും ലാബോറട്ടറികളും, മികച്ച കേൾവി പരിശോധനാ സൗകര്യങ്ങൾ, സ്പീച്ച് തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, ഫിസിയോ തെറാപ്പി, മാനസികാരോഗ്യ വിദഗ്ധരുടെ സേവനം, മെഡിക്കൽ, ഇ.എൻ.റ്റി സേവനങ്ങൾ, ഫിസിക്കൽ എഡ്യൂക്കേഷൻ, തുടങ്ങി ഭിന്നശേഷിക്കാർക്കും, കുടുംബാംഗങ്ങൾക്കും പ്രയോജനപ്രദമായ നിരവധി സേവനങ്ങൾ നിഷ് നൽകി വരുന്നു. കുട്ടികളിലേയും മുതിർന്നവരിലേയും കേൾവിക്കുറവ് കണ്ടെത്തുന്നതിനും നിർണയിക്കുന്നതിനും അത്യാധുനിക സംവിധാനമുള്ള കേൾവി പരിശോധനാ സൗകര്യങ്ങൾ നിഷ്-നുണ്ട്.



വിക്ക്, മുച്ചുണ്ട് മുറി അണ്ണാക്ക്, അപകടങ്ങൾ, പക്ഷാഘാതം, തലച്ചോറിനേറ്റ ക്ഷതം എന്നിവ കാരണമോ, മറ്റ് രോഗാവസ്ഥകൾ കാരണമോ ശബ്ദം നഷ്ടമായവർ, ശരിയായി ശബ്ദം പുറപ്പെടുവിക്കാൻ കഴിയാത്തവർ, എന്നിവർക്ക് പൂർവ്വ സ്ഥിതിയിലേയ്ക്ക് എത്താൻ വേണ്ട പരിശീലനങ്ങൾ നൽകാൻ സെൻറർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസിന്റെ സേവനം നിഷ്-ൽ ലഭ്യമാണ്. മാത്രമല്ല തലകറക്കം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് തലകറക്കത്തിന്റെ കാരണങ്ങൾ കണ്ടെത്താനും, വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കാനും കഴിയുന്ന മികച്ച വെസ്റ്റിബുലാർ ലാബും ഇന്ന് നിഷ്-ൽ പ്രവർത്തിക്കുന്നു.

## വിദ്യാർത്ഥികൾക്കായി അക്കാഡമിക് കോഴ്സുകൾ

കേൾവിക്കുറവുള്ളവർക്കായി 2008 ൽ ആദ്യമായി ബിരുദ കോഴ്സ് തുടങ്ങിയ സ്ഥാപനമാണ് നിഷ്. കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കേൾവിക്കുറവുള്ളവർക്കായി മാത്രമുള്ള B.Sc കംപ്യൂട്ടർ സയൻസ്, BFA, B.Com എന്നീ ഡിഗ്രി കോഴ്സുകൾ നിഷ് നടത്തി വരുന്നു. ഇന്ത്യക്കകത്തു നിന്നും പുറത്തു നിന്നും നിരവധി വിദ്യാർത്ഥികൾ ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നു.



ഡിഗ്രി വിദ്യാഭ്യാസത്തിന് ശേഷം വിദ്യാർത്ഥികൾക്ക്, അവരുടെ അഭിരുചിക്കനുസരിച്ച് പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, പ്രമുഖ സ്ഥാപനങ്ങളിൽ ജോലി സാധ്യത ഉറപ്പാക്കാനും നിഷ് പ്രയത്നിക്കുന്നു.

കേരളാ ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള ബാച്ചിലർ ഓഫ് ഓഡിയോളോജി & സ്പീച്ച് ലാംഗ്വിജ് പതോളജി, MSc ഓഡിയോളോജി, MSc സ്പീച്ച് ലാംഗ്വിജ് പതോളോജി, ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി എന്നീ കോഴ്സുകളും, റീഹാബിലിറ്റേഷൻ കൌൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ ഇൻ ഡ്യൻ സൈൻ ലാംഗ്വിജ് (DISLI), ഡിപ്ലോമ ഇൻ ഏർലി ചൈൽ ഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (DECSE-HI), ഡിപ്ലോമാ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വിജ് എന്നീ കോഴ്സുകളും ഇൻഡ്യൻ സൈൻ ലാംഗ്വിജ്-ൽ ഹ്രസ്വകാല കോഴ്സും നിഷ് -ൽ നടന്നു വരുന്നു.



## വ്യത്യസ്തമാർന്ന പ്രവർത്തന ശൈലി

ഭിന്നശേഷിയുള്ളവർ അവരുടെ മാതാപിതാക്കൾ, പരിചരി ക്കുന്നവർ എന്നിവർക്കായി വിവിധ ഭിന്നശേഷികളെ കുറി ച്ചുള്ള സംസ്ഥാനതല ഓൺലൈൻ സംവേദനാത്മക ബോധവൽക്കരണ സെമിനാറുകൾ (NIDAS), ക്യാംപുകൾ എന്നിവ നിഷ്-ന്റെ പ്രധാന പ്രവർത്തനങ്ങളിൽ പെടുന്നു.



ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, ദേശീയ, അന്താരാഷ്ട്ര കോൺഫറൻസുകളിലെ പ്രാതിനിധ്യം, സെമി നാറുകൾ വർക്ഷോപ്പുകൾ എന്നിവയുടെ സംഘാടനം, സ്പോൺസേർഡ് പ്രോജക്റ്റുകൾ എന്നിവയിലെല്ലാം നിഷ് സജീവമാണ്. കൂടാതെ സംയുക്ത പ്രൊജെക്റ്റുകളിലും ഇവെ ന്റുകളിലും പ്രമുഖ അന്തർദേശീയ സർവകലാശാലകളുമായി സഹകരിക്കാനും, വിദേശ രാജ്യങ്ങളിലെ തെരഞ്ഞെടുത്ത യൂണിവേഴ്സിറ്റികളിൽ നിഷ് സ്റ്റാഫിന് പരിശീലനം നൽ കാനും വിദേശ സർവ്വകാലാശാലകളുമായി 'സ്റ്റുഡൻറ് എക്സേഞ്ച്' പരിപാടി നടത്താനും നിഷ് പ്രത്യേകം ശ്രദ്ധി ക്കുന്നു.

## മികവോടെ മുന്നോട്ട്

ഭിന്നശേഷി മേഖലയിലെ നിഷ്-ന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചുകൊണ്ട് റീ ഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ 2002-ൽ ' എക്സെല്ലെന്റ് ഇൻസ്റ്റിറ്റ്യൂഷൻ ' എന്ന പദവി നൽകി അഭിനന്ദിച്ചു. കൂടാതെ ISO സർട്ടിഫിക്കേഷൻ, NAAC B++ അംഗീകാരം എന്നിവ നേടിയെടുക്കാനും നിഷ്-ന് കഴിഞ്ഞു.




ശ്രവണപരിമിതർക്കായി മലയാളത്തിലെ ആദ്യ ഏകീകൃത ആംഗ്യഭാഷാ ലിപി രൂപീകരിക്കാൻ നിഷ്-ന് കഴിഞ്ഞത് ഭിന്ന ശേഷി പുനരധിവാസ ത്തിലും ഉൾക്കൊള്ളലി ലും നിഷ്-ന്റെ അനുപമമായ പ്രവർത്തന നിരത വെളിപ്പെടുത്തുന്നു.



എതൊരു ഭിന്നശേഷി ക്കും പ്രാപ്യമായ കഥാ ബുക്കുകളുടെ നിർമ്മാ ണം നിഷ്-ന്റെ വേറിട്ടൊരു മുന്നേറ്റമാ യിരുന്നു. സംസ്ഥാന ത്ത് ആദ്യമായി നടപ്പി ലാക്കിയ ഈ സംരംഭം സാമൂഹ്യനീതി വകുപ്പിൻറെ സഹായത്തോടെയാണ് നിഷ് പൂർത്തിയാക്കിയത്. ബഹു മാനപ്പെട്ട മുഖ്യമന്ത്രി ഈ ബുക്കുകളുടെ പ്രകാശനം നിർവ്വ ഹിക്കുകയുണ്ടായി.

സംസ്ഥാന ഗവൺമെൻറിന്റെ ശ്രുതിതരംഗം കോക്ലിയാർ ഇംപ്ലാൻറ് പ്രോജക്ട്-ന്റെ നോഡൽ ഏജൻസിയാണ് നിഷ്. കോക്ലിയർ ഇംപ്ലാൻറ് സർജറി കഴിഞ്ഞ കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്നതിലും, ഉപകരണത്തിന്റെ പ്രവർത്തന ക്ഷമത വിലയിരുത്തുന്നതിലും, പുറമേ ശസ്ത്രക്രിയയ്ക്ക് മുൻപും ശേഷവും കുടുംബാംഗങ്ങളുടെ മാനസികാരോഗ്യം ഉറപ്പ് വരുത്തുന്നതിനും നിഷ് ശ്രദ്ധ വയ്ക്കുന്നു.



ഭിന്നശേഷിക്കാർക്കായുള്ള സഹായ ഉപകരണങ്ങളുടെ വികസനം ശ്രവണപരിമിതർക്കായി ഇന്ത്യൻ ആംഗ്യഭാഷാ വാർത്താ പ്രക്ഷേപണം, വിവിധ ഭിന്നശേഷികളെ കുറിച്ചും നിഷ്–ൻറെ സേവനങ്ങളെ കുറിച്ചും പൊതുജനങ്ങൾക്കായി ബോധവൽക്കരണ വീഡിയോ നിർമ്മാണം, ഭിന്നശേഷി സേവനങ്ങൾക്കായി കേരളത്തിലെ തന്നെ ആദ്യ ഓഡിയോ വിഷ്വൽ സ്റ്റുഡിയോ, കാഴ്ചപരിമിതർക്കും പ്രാപ്യമായ നൂതനസംവിധാനങ്ങളോടു കൂടിയ ലൈബ്രറി, ക്യാമ്പസ്സിൽ ഉടനീളം ലഭ്യമായ വിവരസാങ്കേതിക സൗകര്യങ്ങൾ എന്നിവയെല്ലാം നിഷ്–നെ വേറിട്ടു നിർത്തുന്നു.




ഭിന്നശേഷി സേവനത്തിന്റെ 27 വർഷങ്ങൾ അഭിമാനത്തോടെ പൂർത്തിയാക്കാനൊരുങ്ങുമ്പോൾ, സേവന മികവിനും ശാക്തീകരണത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയ്ക്കും ഇന്ത്യയൊട്ടാകെ പേരുകേട്ട ഒരു സ്ഥാപനം എന്ന നിലയിൽ നിഷ് തലയുയർത്തി നിൽക്കുന്നു. നിഷ് ഒരു സ്ഥാപനം എന്നതിലുപരി; ഒരു വഴികാട്ടിയാണ്, പുരോഗതിയുടെ പ്രതീകമാണ്, 27 വർഷത്തെ യാത്രയിലൂടെ എണ്ണമറ്റ ജീവിതങ്ങളിൽ ശാശ്വതമായ സ്വാധീനം ചെലുത്തുന്ന, സേവന മികവാണ്.






















# നിപ്മർ




രാജ്യത്തിന് തന്നെ മാതൃകയായി മികച്ച പുനരധിവാസ ചികിത്സാ സേവനങ്ങൾ നൽകുന്ന സ്ഥാപനമാണ്, സാമൂഹ്യ നീതിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ(NIPMR). പുനരധിവാസ ചികിത്സാ മേഖലയിൽ ഏറ്റവും ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഇന്ത്യയിലെ തന്നെ മികച്ച സ്ഥാപനമാണ് ഇരിഞ്ഞാലക്കുടയ്ക്ക് സമീപം കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന നിപ്മർ. ഫിസിയോതെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയൽ തെറാപ്പി എന്നീ സേവനങ്ങൾക്കൊപ്പം സാമൂഹ്യാധിഷ്ഠിത ചികിത്സയ്ക്ക് സഹായകമാവുന്ന റിഹാബ് ഓൺ വീൽസ്, റിഹാബ് എക്സ്പ്രസ് എന്നീ ഔട്ട്റീച്ച് പദ്ധതികളും, നിപ്മർ ഏറ്റെടുത്ത് നടത്തുന്നു.

സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ആയ ഹൈഡ്രോതെറാപ്പി, വെർച്ച്വൽ റിയാലിറ്റി യൂണിറ്റ്, സെൻസറി ഗാർഡൻ, സെൻസറി പാർക്ക്, മ്യൂസിക് ആൻഡ് ഡാൻസ് തിയേറ്റർ, ദന്ത –നേത്ര പരിചരണ വിഭാഗങ്ങൾ എന്നിവയും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. എല്ലാ പുനരധിവാസ സേവനങ്ങളും ‘ ഒറ്റക്കുടക്കീഴിൽ’ നൽകുന്ന ഈ സ്ഥാപനത്തിൽ ചികിത്സാ സേവനങ്ങളോടൊപ്പം സെറിബ്രൽ പാൾസി, ഓട്ടിസം, ഇന്റെലെക്ച്വൽ ആൻഡ് ഡെവലപ്പ്മെന്റൽ ഡിസോർഡർ (IDD) കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾ, നാലുവർഷ ബിരുദ കോഴ്സ് ആയ ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി, രണ്ടുവർഷത്തെ ഡിപ്ലോമ കോഴ്സ് ആയ DEd എന്നീ പ്രൊഫഷണൽ വിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നു.

## സ്പൈനൽ കോഡ് ഇഞ്ചുറി റിഹാബിലിറ്റേഷൻ യൂണിറ്റ്

റോഡപകടങ്ങൾ, വീഴ്ച, പക്ഷാഘാതം, മസ്തിഷ്കക്ഷതം തുടങ്ങിയ കാരണങ്ങളാൽ ശയ്യാവലംബികളാകുന്നവർക്ക് പരിചരണവും ചികിത്സയും നൽകുന്നതിനായി നിപ്മറിന്റെ സ്പൈനൽ കോഡ് ഇഞ്ചുറി റീഹാബിലിറ്റേഷൻ യുണിറ്റ് (Spinal cord Injury Rehabilitation Unit) പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞ അവസ്ഥകളിൽ എത്തിപ്പെടുന്ന വ്യക്തികളെ അടിയന്തര മെഡിക്കൽ ചികിത്സയ്ക്കുശേഷം സമഗ്രമായ പുനരധിവാസ ചികിത്സ നൽകുന്നതിന് മികച്ച ഭൗതിക സാഹചര്യങ്ങളും മികച്ച പ്രൊഫഷണൽ ടീമുകളുടെ സേവനവും ഉറപ്പാക്കി എട്ടു കിടക്കകളുള്ള സ്പൈനൽ കോഡ് ഇഞ്ചുറി റീഹാബിലിറ്റേഷൻ യുണിറ്റ് 2021 ഫെബ്രുവരിയിൽ NIPMRൽ പ്രവർത്തനം ആരംഭിച്ചു.

നിപ്മറിന്റെ സ്പൈനൽ കോർഡ് ഇഞ്ചുറി റീഹാബിലിറ്റേഷൻ യൂണിറ്റിൽ ഒരു ഫിസിയാട്രിസ്റ്റിൻറെ നേതൃത്വത്തിൽ, ആർഎംഒ, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ബിഹേവിയറൽ തെറാപ്പിസ്റ്റ്, നേഴ്സുമാർ, സോഷ്യൽ വർക്കർ എന്നിവർ അടങ്ങുന്ന ഒരു വിദഗ്ധ സംഘമാണ് പുനരധിവാസ ചികിത്സ നടത്തുന്നത്.







ഫിസിയോതെറാപ്പി, ഒക്യുപേഷണൽ തെറാപ്പി എന്നിവയ്ക്കായി വെർച്വൽ റിയാലിറ്റി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചികിത്സാ ഉപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നത്.

രോഗിയെ കട്ടിലിൽ നിന്നും വീൽചെയറിലേക്കും, ശുചിമുറിയിലേക്കും കൊണ്ടുപോകുന്നതിനായി നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൊണ്ടുള്ള സീലിംഗ് ലിഫ്റ്റും ഇവിടെ പ്രവർത്തിക്കുന്നു. അപകടമോ, രോഗമോ മൂലം വീൽചെയറിൽ ആയി പോകുന്ന വ്യക്തികൾക്കു ശരിയായ പരിശീലനം നൽകുന്നതിനുള്ള ആംബുലേഷൻ ട്രാക്കുകളും, വീൽചെയറിൽ ഇരുന്നു കൊ ണ്ടു ത ന്നെ വിവിധ ഗെയിമുകളിൽ ഏർപ്പെടുന്നതിനുള്ള അഡാപ്റ്റഡ് ഗെയിം സോണും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.



ചികിത്സ കഴിഞ്ഞു ഡിസ്ചാർജ് ചെയ്യുന്നതിന് മുൻപായി കഴിയുന്നത്ര കാര്യങ്ങൾ സ്വയം ചെയ്യുന്നതിന് പ്രാപ്തമാക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച ദിനചര്യ അപ്പാർട്ട്മെന്റ് (Activity of Daily living Apartment) ഇവിടെ പ്രവർത്തിക്കുന്നു. സാമൂഹിക പരിശീലനത്തിന്റെ ഭാഗമായി വീൽചെയറിൽ ഇരിക്കുന്ന വ്യക്തിക്ക് കൊടുക്കൽ –വാങ്ങൽ, പണമിടപാട് എന്നിവയിൽ പരിശീലനം നൽകുന്നതിന് നിപ്മറിന് സമീപം ഒരു സിമുലേഷൻസ് സൂപ്പർമാർക്കറ്റും പ്രവർത്തിച്ചുവരുന്നു.

ഡിസ്ചാർജിന് മുൻപ് നിപ്മറിലെ സോഷ്യൽ വർക്കറുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി, പുതിയ സാഹചര്യത്തിൽ ഈ വ്യക്തിക്ക് വീട്ടിലും, പരിസരത്തും, ജോലിസ്ഥലത്തും ഇണങ്ങാൻ കഴിയുന്ന സാമൂഹ്യ സാഹചര്യമാണോ, എന്ന് പരിശോധിച്ച് ആവശ്യമെങ്കിൽ സൗകര്യങ്ങളുടെ പരിഷ്കരണത്തിനായുള്ള ഉപദേശനിർദ്ദേശങ്ങൾ നൽകുന്നു. അതുവഴി കേവലം വൈദ്യമാതൃക (Medical Model)പുനരധിവാസമല്ല, സാമൂഹ്യ മാതൃക (Social Model) പുനരധിവാസ പദ്ധതിയാണ് NIPMR നടപ്പിലാക്കുന്നത്.

## എംവോക്ക്

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നെന്ത് എന്ന ചോദ്യമാണ് ഭിന്നശേഷിക്കാരായ കുട്ടികളെ അലട്ടുന്ന പ്രധാന ചോദ്യം. അവരുടെ ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നതിന് എന്ത് മാർഗ്ഗങ്ങളാണ് മുന്നിലുള്ളത്? പരമ്പരാഗത തൊഴിൽ പരിശീലന രീതികൾ അവലംബിച്ചത് കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടോ? എന്ത് തൊഴിലാണ് പരിശീലിപ്പിക്കുക? പരിശീലനത്തിനു ശേഷം എന്ത് ചെയ്യും? എന്നിങ്ങനെ നിരവധി അനുബന്ധ ചോദ്യങ്ങൾ രക്ഷിതാക്കളുടെ മനസ്സിനെ അലട്ടുന്നുണ്ട്. ഈ പ്രശ്നങ്ങളെ പ്രായോഗികമായി സമീപിക്കുന്നതിനുള്ള ശ്രമമാണ്, എൻ ഐ പി എം ആറിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന എംപവർമെൻറ് ത്രൂ വോക്കേഷണലൈസേഷൻ അഥവാ എംവോക്ക് പദ്ധതി.

പതിനെട്ടിനും മുപ്പതിനും ഇടയിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക ക്ഷമത, താൽപര്യം, അഭിരുചി എന്നിവ വിലയിരുത്തി അനുയോജ്യമായ തൊഴിൽ മേഖലയിൽ പരിശീലനം നൽകി തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന പദ്ധതിയാണ് എംവോക്ക്. ഓരോ കുട്ടിയുടെയും അഭിരുചി, താൽപര്യം, ശാരീരിക ക്ഷമത എന്നിവ ഒരു വിദഗ്ധ ടീം വിലയിരുത്തുകയും അനുയോജ്യമായ തൊഴിൽ മേഖല നിർദ്ദേശിക്കുകയും ചെയ്യുന്നു. പരിശീലനത്തിന്റെ ഭാഗമായി പ്രത്യേക തൊഴിൽ പരിശീലനത്തോടൊപ്പം കായിക ക്ഷമത പരിശീലനം, പ്രായോഗിക അക്കാദമിക പ്രവർത്തനങ്ങൾ, മാനസിക സാമൂഹ്യ പിന്തുണ, എന്നീ പരിപാടികൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

ആറുമാസക്കാലത്തെ ഇൻ ഹൗസ് പരിശീലനത്തിന് ശേഷം

സാമൂഹ്യവൽക്കരണത്തിന്റെ ഭാഗമായി പരിശീലനാർത്ഥികളെ സമീപ ബ്ലോക്ക് പഞ്ചായത്തുകളിൽ മൂന്നുമാസക്കാലം തുടർ പരിശീലനത്തിനായി നിയോഗിക്കുന്നു. അവിടെ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും, മെന്ററായ ജിവനക്കാരന്റെ മേൽനോട്ടത്തിൽ പരിശീലനാർത്ഥികളുടെ സാമൂഹിക ഇടപെടൽ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### പ്ലേസ്മെന്റ് സേവനങ്ങൾ

ഇൻ ഹൗസ് പരിശീലനവും, ഫീൽഡ് തല പരിശീലനവും പൂർത്തിയാക്കുന്ന പരിശീലനാർത്ഥികളെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന തൊഴിൽമേളകളിൽ പങ്കെടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും, താൽപര്യമുള്ള തൊഴിൽമേഖല തെരഞ്ഞെടുക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു.

### തുടർ പരിശീലന സാധ്യതകൾ

എൻ ഐ പി എം ആറിലെ എംവോക്ക് പരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ ഇതര പരിശീലന ഏജൻസികൾ ആയ Enable india ബാംഗ്ലൂർ, Dr. Reddy's foundation എന്നിവയുമായി ബന്ധപ്പെട്ട തുടർ പരിശീലന സാധ്യതയും നൽകുന്നു.

ഇത്തരം നൈപുണ്യ വികസന പരിപാടികളിലൂടെ ഇവരിൽ തൊഴിൽ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ആത്മവിശ്വാസം നൽകാൻ കഴിയുന്നു.

### പരിശീലനം നൽകിവരുന്ന തൊഴിൽ മേഖലകൾ

എംവോക്ക് പദ്ധതിയുടെ കീഴിൽ കമ്പ്യൂട്ടർ പരിശീലനം, ബേക്കിംഗ്, ഹോർട്ടികൾച്ചർ, സോപ്പ് നിർമ്മാണം എന്നീ തൊഴിൽ മേഖലയിലാണ് പരിശീലനം നൽകി വരുന്നത്. അതിനോടൊപ്പം ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി എക്സിബിഷനുകളിൽ പങ്കെടുക്കുകയും, നിപ്മർ–ന്റെ നിയന്ത്രണത്തിൽ ആരംഭിച്ച സിമുലേഷൻ സൂപ്പർ മാർക്കറ്റിൽ വിൽപ്പനയ്ക്ക് വയ്ക്കുകയും ചെയ്യുന്നു.

### പ്രായോഗിക ദിനചര്യാ പരിശീലനം

തൊഴിൽ പഠനത്തോടൊപ്പം കുട്ടികൾക്ക് പ്രായോഗിക ദിനചര്യാ പരിശീലനം (Instrumental ADL Training) നൽകിവരുന്നു. റിസപ്ഷൻ മാനേജ്മെന്റ്, പേഷ്യന്റ് മാനേജ്മെന്റ്, ഹൗസ് കീപ്പിംഗ്, കാന്റീൻ സേവനങ്ങൾ എന്നിവയിലെല്ലാം ഈ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം കഴിഞ്ഞ 8 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ഇതിനകം തന്നെ ജോലി ലഭിച്ചിട്ടുണ്ട്.











# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

## ഓർമ്മത്തോണി

വയോജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ അവസ്ഥകളിലൊന്നാണ് സ്മൃതിനാശം അഥവാ മറവിരോഗം. . മറവിരോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അവർ മാത്രമല്ല, കുടുംബത്തിലെ മുഴുവൻ അംഗങ്ങളും ഏറ്റുവാങ്ങേണ്ടി വരുന്നു. വലിയ രീതിയിലുള്ള പ്രയാസങ്ങളും മാനസികസംഘർഷങ്ങളുമാണ് ഇതുമൂലം ഉണ്ടാകുന്നു. . കേരള സാമൂഹ്യസുരക്ഷാ മിഷൻ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ 2023–24 വർഷത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന നൂതന ആശയമാണ് ' ഓർമ്മത്തോണി'. കേരളത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന ഡിമെൻഷ്യ/അൽഷിമേഴ്സ് ബാധിതരായ വയോജനങ്ങൾക്കായി രൂപീകരിച്ചതാണീ പദ്ധതി. പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഡിമെൻഷ്യ സൗഹൃദ കേരളം സംസ്ഥാന ശിൽപശാലയുടെ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു. എല്ലാ വയോജനങ്ങളിലേക്കും എത്താവുന്ന തരത്തിൽ ഡിമെൻഷ്യ ക്ലിനിക്കുകൾ സ്ഥാപിക്കുകയെന്നതും സർക്കാരിൻറെ പരിഗണനയിലുണ്ടെന്ന് ഉത്ഘാടന പ്രസംഗത്തിൽ ഡോ. ആർ ബിന്ദു എടുത്തു പറഞ്ഞു



## അനുയാത്ര

ഭിന്നശേഷിസൗഹൃദ കേരളത്തിനായി സംസ്ഥാന സർക്കാരും സാമൂഹ്യനീതി വകുപ്പും നടപ്പാക്കി വരുന്ന ' അനുയാത്ര' പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കിടയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. രക്ഷിതാക്കൾക്കുൾപ്പെടെ ശാസ്ത്രീയമായ പരിചരണ, തെറാപ്പി രീതികളും സ്വയം ശാക്തീകരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും മൂലമാണ് ഈ മാറ്റം സാധ്യമായത്.

ഭിന്നശേഷിക്കാരായ കുട്ടികളിൽ കാണപ്പെടുന്ന വളർച്ചാപരിമിതികൾക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താനും അവരെ സമൂഹത്തിൽ മറ്റുള്ളവരോടൊപ്പം കൊണ്ടുവരുവാനും സഹായിക്കുന്ന പദ്ധതിയാണ് അനുയാത്ര. കേരള സാമൂഹ്യസുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് അനുയാത്ര സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളജിലെ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ & ഓട്ടിസം സെന്ററിന്റെ അഞ്ചാം വാർഷികാഘോഷം ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. ഓട്ടിസം, സംസാര, ശ്രവണ, പഠന,

ഭിന്നശേഷികൾ, ഉത്ക്കണ്ഠ, വിഷാദരോഗം തുടങ്ങിയവക്ക് വിദഗ്ധസേവനമാണ് സെന്ററിൽ നൽകി വരുന്നത്.



## ഓട്ടിസം ശിൽപശാല

കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് അനുയാത്ര സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല ഓട്ടിസം ശിൽപ ശാല ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. ഓട്ടിസമുള്ളവരുടെ അവ കാശങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും സമൂഹത്തിൽ അവബോധം വളർത്താനും ഓട്ടിസം ബാധിതരെ ശാക്തീകരി ക്കുന്നതിനും ഗുണമേന്മയുള്ള ജീവിതം നയിക്കാൻ പ്രാപ്ത രാക്കുന്നതിനും ആവശ്യമായ പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്താനാണ് ശിൽപശാല.




## കുഞ്ഞു ഹർഷനെ കാണാൻ മന്ത്രിയെത്തി

സംസ്ഥാന സർക്കാർ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതിയുടെ ഭാഗമായുള്ള കോഴിക്കോട് ജില്ലയിലെ ചെറുവ ണ്ണൂർ കരിമ്പാടം സ്പെഷ്യൽ അങ്കണവാടിയിലാണ് ഹർഷൻ എന്ന കുട്ടി ഉള്ളത്. ഇരു കൈകളും കാലുകളും നിലത്തു കുത്തി മാത്രം നടക്കുമായിരുന്ന ഹർഷൻ സ്പെഷ്യൽ എഡ്യൂക്കേറുടെ പരിശീലനത്തിലൂടെയും മാതാപിതാക്കളു ടെ പിന്തുണയിലൂടെയും സ്വയം നടക്കാനുള്ള പ്രാപ്തനായി. ഒരു വർഷത്തെ പരിചരണത്തിലൂടെയും പരിശീലനത്തിലൂടെ യുമാണ് മറ്റു കുട്ടികളെപ്പോലെ നിവർന്നുനിൽക്കാനും പരസ ഹായമില്ലാതെ നടക്കാനും ഹർഷന് സാധിച്ചത്. കോഴിക്കോട് കുണ്ടായിത്തോട് കരിമ്പാടം സ്പെഷ്യൽ അങ്കണവാടിയിലെ കുഞ്ഞ് ഹർഷനെയും ടീച്ചർ ശിൽപ്പയെയും അഭിനന്ദിക്കാൻ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു നേരിട്ടെത്തി. ഹർഷനു വേണ്ട എല്ലാവിധത്തിലുള്ള ശാസ്ത്രീയ പരിചരണവും ഉറപ്പാക്കിയ സ്പെഷ്യൽ അങ്കണ വാടി പ്രവർത്തകർക്ക് എല്ലാ അഭിനന്ദനങ്ങളും മന്ത്രി അറിയിച്ചു. കുഞ്ഞിക്കാലടിവെക്കുന്ന ഹർഷന്റെ വീഡിയോ മന്ത്രി ഫേസ്ബുക്കിൽ പങ്കുവെച്ചു.




ഭിന്നശേഷി പ്രതിഭകൾക്കായി സംസ്ഥാന സർക്കാർ കെ–ഡിസ്ക് സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംഘടിപ്പിച്ച ടാലെൻറ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസബിലിറ്റി 2023 പരിപാടി യിൽ തൃശ്ശൂർ മാള സ്വദേശിനിയായ അസ്ന ഷെറിൻ, തൃശ്ശൂർ ഒല്ലൂർ സ്വദേശി ബിനു പി എ എന്നിവർ വരച്ച ചിത്രങ്ങൾ






# കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ




സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് 1979 സെപ്റ്റംബർ 1 ന് രൂപീകൃതമായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ (ഇന്ന് സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ) സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ്. കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിലൂടെ നിരവധി ഭിന്നശേഷിക്കാർക്ക് മികച്ച സാമൂഹ്യ ജീവിതം പ്രദാനം ചെയ്യുന്നതിന് കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ഈ ദിശയിലുള്ള പ്രവർത്തനത്തിന് ഗതിവേഗം പകർന്ന നാളുകളായിരുന്നു കടന്നുപോയത്. ഇക്കാലയളവിൽ ഒട്ടനവധി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും സാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പരമാവധി ഭിന്നശേഷിക്കാരിൽ എത്തിക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ പ്രവർത്തകർക്കും സാമൂഹ്യ നീതി വകുപ്പ് തല ഉദ്യോഗസ്ഥർക്കുമായി സംസ്ഥാനതല ശിൽപശാല 2023 സെപ്റ്റംബർ 15 തിരുവനന്തപുരത്ത് വച്ച് നടന്നു.



### 'മെറിഹോം'.

ഏതൊരു വ്യക്തിയുടേയും ജീവിതാഭിലാഷമാണ് സ്വന്തമായി ഒരു ഭവനം എന്നത്. ഈ സ്വപ്നസാക്ഷാത്കാരത്തിനായി ഭവനരഹിതരായ ഭിന്നശേഷിക്കാർക്കായി കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് മെറിഹോം ഭവന വായ്പാ പദ്ധതി. നാമമാത്രമായ പലിശ നിരക്കിൽ സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെ ലഭ്യമാക്കുന്ന "മെറിഹോം ഭവന വായ്പ–2023" ഈ സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടിയോടനുബന്ധിച്ച് 2023 മെയ് 26 ന് തിരുവനന്തപുരത്ത് ബഹു. ഉന്നത വിദ്യാഭ്യാസ, സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. നാളിതുവരെയായി 46 പേർക്ക് 5.43 കോടി രൂപ ഭവനവായ്പയായി അനുവദിച്ചിട്ടുണ്ട്.

### സ്വയംതൊഴിൽ – വിദ്യാഭ്യാസ – വാഹന വായ്പയും – സബ്സിഡിയും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1759 പേർക്കായി 3259.77 ലക്ഷം രൂപ ഈ ഇനത്തിൽ വായ്പയായി നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ വായ്പക്ക് സംസ്ഥാന സർക്കാർ 20% തുക (പരമാവധി ഒരു ലക്ഷം രൂപ) സബ്സിഡി നൽകുന്നു. കൃത്യമായി തിരിച്ചടക്കുന്നവർക്കാണ് സബ്സിഡി അനുവദിക്കുന്നത് കൂടാതെ കോർപ്പറേഷന്റെ ശുപാർശയിൽ ദേശസാൽകൃത ബാങ്കുകൾ ഭിന്നശേഷിക്കാർക്ക് നല്കുന്ന സ്വയംതൊഴിൽ വായ്പക്ക് 20% (പരമാവധി ഒരു ലക്ഷം രൂപ) സബ്സിഡി നൽകുന്നു. ഈ ഇനത്തിൽ ആകെ 217 പേർക്കായി 91.43 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## ശുഭയാത്ര

ഭിന്നശേഷിക്കാരുടെ ചലന, സഞ്ചാര, ആശയവിനിമയ സ്വാതന്ത്ര്യം ഉറപ്പുവരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ശുഭയാത്ര' പദ്ധതിയിൽ 120 ഓളം സഹായ ഉപകരണങ്ങൾ നൽകിവരുന്നു. ജില്ലാടിസ്ഥാനത്തിലും, നിയോജകമണ്ഡലം അടിസ്ഥാനത്തിലും നിർണ്ണയ ക്യാമ്പുകൾ നടത്തിയാണ് ഉപകരണ വിതരണം നടത്തുന്നത്. ഇലക്ട്രോണിക് വീൽ ചെയർ, മുച്ചക്രവാഹനം, കൃത്രിമ കൈ–കാലുകൾ മറ്റു സഹായ ഉപകരണങ്ങൾ എന്നിവയാണ് നൽകി വരുന്നത്, കേൾവി പരിമിതരായ ആയിരക്കണക്കിന് ആളുകൾക്ക് 'ശ്രവൺ' പദ്ധതി വഴി Programmable ഹിയറിങ്ങ് എയ്ഡുകളും നൽകി വരുന്നു



'ശുഭയാത്ര' പദ്ധതി പ്രകാരം 2210 പേർക്കായി 385.08 ലക്ഷം രൂപയുടെ സഹായ ഉപകരണങ്ങളും 61 പേർക്ക് സൈഡ് വീൽ സബ്സിഡിയായി 9.07 ലക്ഷവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിലും ഇതിനകം മെഗാവിതരണക്യാമ്പുകൾ നടത്തിയിട്ടുണ്ട്.



## ഹസ്തദാനം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ 50 ശതമാനമോ അതിലധിലകമോ ഭിന്നശേഷിയുള്ള, 12 വയസ്സുവരെയുള്ള കുട്ടികളുടെ പേരിൽ 20,000/– രൂപ വീതം സ്ഥിരനിക്ഷേപം നടത്തുന്ന പദ്ധതിയാണ് ഇത്. ടി പദ്ധതി പ്രകാരം കുട്ടിയുടെ പേരിൽ 20,000/– രൂപ നിക്ഷേപിക്കുകയും, 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പലിശ സഹിതം നൽകുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 783 പേർക്ക് 156.60 ലക്ഷം രൂപ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്.

## പ്രൊഫിഷ്യൻസി അവാർഡ്

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി ഗ്രേഡോ അതിനു മുകളിലോ നേടി വിജയം കൈവരിച്ച കേരളത്തിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് പ്രൊഫിഷ്യൻസി അവാർഡായി 5000/– രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രേഡ് നിബന്ധനയില്ല. ടി പദ്ധതി പ്രകാരം 1542 പേർക്ക് 77.10 ലക്ഷം രൂപ അനുവദിച്ചു.

## ആശ്വാസം

സ്വയം തൊഴിൽ വായ്പക്കായി ഈട് നൽകാൻ വസ്തുവോ വീടോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് സൂക്ഷ്മ/ ചെറുകിട/ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 25000/– രൂപ വീതം ധനസഹായം അനുവദിച്ചുവരുന്നു. തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ജില്ലാ അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനവും നൽകുന്നു. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 163 പേർക്ക് 40.75 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചു.

## ലോട്ടറി ധനസഹായം

40%–മോ അതിലധികമോ ഭിന്നശേഷിത്വമുള്ള ലോട്ടറി ഏജന്റുമാർക്ക് 7 വർഷത്തിലൊരിക്കൽ ലോട്ടറി ഏജൻസിക്കുള്ള ധനസഹായമായി 5000/– രൂപ അനുവദിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 726 പേർക്ക് 36.275 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചു.

## സാഫല്യം

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും സ്നേഹം പാലിയേറ്റീവ് കെയറും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു. ഇവിടെ സ്ത്രീകളും, പുരുഷന്മാരുമായി 40 പേരെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിന്റെ പരിപാലനത്തിനായി 30.00 ലക്ഷം രൂപ നൽകി.

## സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക്, മൈക്രോ പ്രോജക്ടുകൾക്കായി അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള സഹായമായി 20,000/– രൂപ നൽകി വരുന്നു. ആകെ 18 സംഘങ്ങൾക്ക് 3,60,000 രൂപ ധനസഹായം അനുവദിച്ചു.

# ഓർഫനേജ് കൺട്രോൾ ബോർഡ്



ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് 1960 പ്രകാരം സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾബോർഡ് 1962 മുതൽ പ്രവർത്തിച്ചു വരുന്നു. ഒരു പാർലമെന്റ് അംഗം 3 നിയമസഭാ സാമാജികർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5 സാമൂഹ്യപ്രവർത്തകർ, ക്ഷേമ സ്ഥാപന പ്രതിനിധികളായ 5 പേർ, മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്നതാണ് ബോർഡ്. സംസ്ഥാനത്ത് വിവിധ സർക്കാരിതര സന്നദ്ധ സംഘടനകൾ നടത്തിവരുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി അംഗീകാരം നൽകുകയാണ് ബോർഡിന്റെ പ്രധാന ചുമതല. അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾക്ക് റേഷൻ, വൈദ്യുതി, ജല വിതരണം എന്നിവയിൽ സബ്സിഡിയും, കെട്ടിട നികുതിയിളവ് ഉൾപ്പടെ വിവിധ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. അർഹരായ പെൺകുട്ടികൾക്ക് 50,000/- രൂപ വിവാഹ ധനസഹായം നൽകുന്നു. വിദ്യാർത്ഥികൾക്ക് പ്ലസ് വൺ, ജനറൽ നഴ്സിംഗ് കോഴ്സുകളിൽ സീറ്റ് സംവരണം, മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ നൽകി വരുന്നു.

സംസ്ഥാനത്ത് അനാഥരും അഗതികളുമായ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, മാനസിക രോഗമുക്തർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവരെ സംരക്ഷിക്കുന്ന 1821 ക്ഷേമസ്ഥാപനങ്ങൾ ഒ.സി.ബി അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. അർഹതയുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരിൽ ഒരാൾക്ക് 1100/- രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകി വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 54,75,74,000/- രൂപയും 2022 - 2023 സാമ്പത്തിക വർഷത്തിൽ 47,87,62,000/- രൂപയും ബോർഡിന്റെ ശുപാർശ പ്രകാരം ഗ്രാന്റ് നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

## ഓർഫനേജ് കൺട്രോൾ ബോർഡിന് നവീകരിച്ച കാര്യാലയം

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നവീകരിച്ച ആഫീസ് ഉദ്ഘാടനം 2023 ജൂലൈ 26 ന് ബഹു.ഉന്നതവിദ്യാഭ്യാസ-സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു.



ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ ശ്രീ. എൻ അലി അബ്ദുള്ള, ബഹു. സാമൂഹികനീതി വകുപ്പ് ഡയറക്ടർ ശ്രീ. ചേതൻകുമാർ മീണ ഐ എ എസ്, അഡീഷണൽ ഡയറക്ടർ ശ്രീമതി. ജലജ എസ്, എന്നിവർ പങ്കെടുത്തു.

## 'സൃഷ്ടി 2023'

ഓർഫനേജ് കൗൺസിലർമാരുടെ ത്രിദിന പരിശീലന പരിപാടി ' സൃഷ്ടി 2023' ജൂലൈ 27, 28, 29 തീയതികളിൽ തിരുവനന്തപുരത്തെ കോവളം ആനിമേഷൻ സെന്ററിൽ നടന്നു. 27/07/2023 ന് ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ ശ്രീ. എൻ അലി അബ്ദുള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഉന്നത വിദ്യാഭ്യാസ–സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. സാമൂഹികനീതി വകുപ്പ് ഡയറക്ടർ ശ്രീ. ചേതൻകുമാർ മീണ ഐ എ എസ് സ്വാഗതം പറഞ്ഞു. വിവിധ സെഷനുകളിലായി ഡോ. പുനലൂർ സോമരാജൻ, ഫാ. ജോർജ്ജ് ജോഷ്വ, ഫാ. റോയ് മാത്യൂ വടക്കേൽ, മനോരോഗ ചികിത്സാ വിദഗ്ധരായ ഡോ. അരുൺ ബി നായർ, ഡോ. ജോസഫ് മണി, സോഷ്യൽ സയന്റിസ്റ്റ് ഇ. നസീർ, സിസ്റ്റർ ബിന്ദുഷ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.



## പുനരധിവാസം

തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, പേരൂർക്കട മാനസികാരോഗ്യ ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ പൂർത്തിയാക്കിയിട്ടും സംരക്ഷിക്കാൻ ആരുമില്ലാത്ത കിടപ്പ് രോഗികൾ ഉൾപ്പടെയുള്ള മുപ്പതോളം പേരെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിർദ്ദേശ പ്രകാരം പത്തനാപുരം ഗാന്ധിഭവൻ, സ്നേഹവീട് നാലാഞ്ചിറ എന്നീ ക്ഷേമസ്ഥാപനങ്ങളിലേയ്ക്ക് പുനരധിവസിപ്പിച്ചു. 2023 ആഗസ്റ്റ് 10 ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ – സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ആശുപത്രി അധികൃതരിൽ നിന്നും ഇവരെ ഏറ്റെടുത്ത് ക്ഷേമസ്ഥാപനങ്ങൾക്ക് കൈമാറി. സാമൂഹികനീതി വകുപ്പ് ഡയറക്ടർ ശ്രീ. ചേതൻകുമാർ മീണ ഐ എ എസ്, ഭിന്നശേഷി കമ്മീഷണർ എസ് എച്ച് പഞ്ചാപകേശൻ, ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം ഡോ. പുനലൂർ സോമരാജൻ, മെമ്പർ സെക്രട്ടറി എം കെ സിനുകുമാർ, മെഡിക്കൽ കോളേജ് ആശുപത്രി ആർ എം ഒ ഡോ. മോഹൻ റോയ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



## മദർ തെരേസ ദിനാചരണം

2023 ആഗസ്റ്റ് 26 ന് മദർ തെരേസ ജന്മദിനം അനാഥ–അഗതി ദിനമായി ആചരിച്ചു. ദിനാഘോഷങ്ങളുടെ സംസ്ഥാനതല പരിപാടി തൃശ്ശൂർ ജില്ലയിൽ ഉന്നത വിദ്യാഭ്യാസ – സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ശ്രീ. പി ബാലചന്ദ്രൻ എം എൽ എ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ ശ്രീ. എൻ അലി അബ്ദുള്ള മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് വയോജനങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അരങ്ങേറി.







# സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ – ജില്ലകളിലൂടെ

## കോഴിക്കോട്

### ബാരിയർ ഫ്രീ സിവിൽ സ്റ്റേഷൻ

സിവിൽ സ്റ്റേഷൻ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ 'ബാരിയർ ഫ്രീ സിവിൽ സ്റ്റേഷൻ' ലിഫ്റ്റിന്റെ ഉദ്ഘാടനം സാമൂഹ്യനീതി/ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു. ഭിന്നശേഷി സൗഹൃദമെന്ന ലക്ഷ്യത്തിനായി വിവിധ പദ്ധതികളാണ് വകുപ്പ് നടപ്പാക്കുന്നതെന്ന് അറിയിച്ചു.

പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും തുടങ്ങി ജനങ്ങ ൾക്ക് പ്രാപ്യമാവേണ്ടുന്നതും നിത്യവും ബന്ധപ്പെടേണ്ടുന്ന തുമായ ഇടങ്ങളെല്ലാം ഭിന്നശേഷി സൗഹൃദമാക്കുമെന്നും സമൂഹത്തിൽ ഏറെ പരിഗണന നൽകേണ്ട വിഭാഗമാണ് ഭി ന്നശേഷിക്കാരെന്നും അവരുടെ മുന്നേറ്റത്തിനായി നിരവധ പദ്ധതികൾ നടപ്പാക്കിയതായും മന്ത്രി പറഞ്ഞു. ഭിന്നശേഷി ക്കാരുടെ ക്ഷേമം ലക്ഷ്യമിട്ട് വിവിധ സ്ഥാപനങ്ങൾ സംസ്ഥാ നത്ത് പ്രവർത്തിക്കുന്നുണ്ട്. അവ പുത്തൻ സാങ്കേതിക വിദ്യയും ശാസ്ത്രീയതയും ഉപയോഗപ്പെടുത്തി ഭിന്നശേഷി ക്കാരുടെ പുനരധിവാസ പദ്ധതികളും ഉന്നമന പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്. ഇവ എല്ലാ ഭിന്നശേഷി ക്കാർക്കും ലഭ്യമാക്കും. ഭിന്നശേഷിക്കാരുടെ ക്ഷേമം സമൂഹ ത്തിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്തമാണെന്നും അത്തരം പരിഗണന നൽകിയാണ് പ്രവർത്തനങ്ങൾ നടപ്പാ ക്കുന്നതെന്നും മന്ത്രി പറഞ്ഞു.



ഭിന്നശേഷിക്കാർക്ക് തടസ്സരഹിത സഞ്ചാരസൗകര്യവും ഭൗതിക സാഹചര്യവും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള'. ഇതിന്റെ ഭാഗമായാണ് സിവിൽ സ്റ്റേഷനിലെ ഇ ബ്ലോക്കിൽ പാസഞ്ചർ ലിഫ്റ്റ് നിർമ്മിച്ചത്.





## എറണാകുളം

സംസ്ഥാന സർക്കാരിന്റെ രണ്ടാം– വാർഷികത്തോടനുബ ന്ധിച്ച് 'എന്റെ കേരളം' പ്രദർശന വിപണന മേള എറണാ കുളം കൊച്ചി മറൈൻഡ്രൈവ് മൈതാനത്ത് 2023 ഏപ്രിൽ 1 മുതൽ 7 വരെ സംഘടിപ്പിച്ചു. വയോജനങ്ങൾ, ഭിന്നശേഷി ക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവരുൾപ്പെട്ട ജന വിഭാഗങ്ങൾക്ക് സാമൂഹ്യ നീതി വകുപ്പ് നൽകുന്ന സേവന ങ്ങൾ വിവരിക്കുന്ന തീം സ്റ്റാളും വിപണന സ്റ്റാളും, സ്ഥാപന മാതൃകകളും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു. സാമൂഹ്യ നീതി വകുപ്പിന്റെ എക്സിബിഷൻ സ്റ്റാൾ നിയമ വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ നീതി വകുപ്പിന്റെ 2022 ലെ സഹചാരി അവാർഡ് ജേതാക്കൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും പ്രസ്തുത പരിപാടിയിൽ വെച്ച് മന്ത്രി ശ്രീ പി രാജീവ് വിതരണം ചെയ്തു

### മുതിർന്ന പൗരൻമാരോടുള്ള അതിക്രമത്തിനെതിരെയുള്ള ബോധ വല്ക്കരണ ദിനം

ഏറണാകുളം കളക്ടറേറ്റ് പ്ലാനിംഗ് ഹാളിൽ 2023 ജൂൺ 15 ന് 2 മണിക്ക് മുതിർന്ന പൗരൻമാരോടുള്ള അതിക്രമത്തിനെതി രെയുള്ള ബോധവല്ക്കരണ ദിനാചരണം എറണാകുളം ജില്ലാ

കളക്ടർ ഉദ്ഘാടനം ചെയ്തു. ലീഗൽ സർവ്വീസ് അതോറിറ്റി, വായോജന കമ്മിറ്റി, ക്ഷേമ സ്ഥാപങ്ങൾ, പൊതു ജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ റാലി, ഫ്ളാഷ് മോബ് ബോധവൽക്കരണ പരിപാടികൾ എന്നിവ ദിനാചരണത്തോട നുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

### സായന്തനം വയോജന പാർക്ക്

വയോജന സൗഹൃദകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി മൂവാറ്റുപുഴ മഞ്ഞള്ളൂർ പഞ്ചായത്തിൽ വാഴക്കുളത്ത് വയോജന സൗഹൃദ പാർക്ക് നിർമ്മിച്ചു. 'സായന്തനം' എന്ന് നാമകരണം ചെയ്ത ഈ പാർക്ക് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി. ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിന്റെ സഹകരണത്തോടു കൂടി മൂവാറ്റുപുഴ പി. ഡബ്ല്യൂ.ഡി കെട്ടിട വിഭാഗമാണ് സായന്തനം വയോജന പാർക്ക് നിർമ്മിച്ചത്.

## ആലപ്പുഴ

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി 2023 ഏപ്രിൽ 17 മുതൽ 23 വരെ ആലപ്പുഴ ബീച്ചിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേളയിൽ സാമൂഹ്യനീതി വകുപ്പിന് മൂന്നാം സ്ഥാനം ലഭിച്ചു. മികവുറ്റ പ്രകടനത്തിന് മെമെന്റോയും സർട്ടിഫിക്കറ്റും സമാപന സമ്മേളനത്തിൽ വച്ച് മന്ത്രി പി പ്രസാദിൽ നിന്നും സാമുഹ്യനീതി വകുപ്പ് ജീവനക്കാർ ഏറ്റുവാങ്ങി. പ്രദർശന–വിപണന മേളയിൽ 53 വകുപ്പുകൾ പങ്കെടുത്തിരുന്നു



സാമൂഹ്യനീതി വകുപ്പിന്റെ പ്രദർശന സ്റ്റാളിൽ, വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളുടെ ബോധവത്ക്കരണം പാവ നാടകമായി അവതരിപ്പിച്ചത് ജനശ്രദ്ധയാകർഷിച്ചു. പത്മശ്രീ രാമചന്ദ്ര പുലവരുടെ നേതൃത്വത്തിൽ ഷൊർണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന തോൽപ്പാവക്കൂത്ത് കലാകേന്ദ്രത്തിലെ കലാകാരൻമാരാണ് നാടകം അവതരിപ്പിച്ചത്. ഭിന്നശേഷിക്കാരുടെ ഫുട്ബോൾ പ്രദർശനമത്സരം, റിഹാബ് എക്സ്പ്രസ് – തെറാപ്പി സേവനം, വയോജനങ്ങൾക്ക് ദന്തൽ മെഡിക്കൽ ക്യാമ്പ്, സംരംഭകർക്കായി ഡി.പി.ആർ ക്ലിനിക്ക് തുടങ്ങിയ പരിപാടികളും സ്റ്റാളിലും സ്റ്റാളിന് പുറത്തുമായും ക്രമീകരിക്കുകയുണ്ടായി.

ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കുമായി വിവിധ സേവനങ്ങൾ സ്റ്റാളിൽ ലഭ്യമാക്കി. സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളിലേക്ക് അപേക്ഷിക്കുന്നതിനായി ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സുനീതി പോർട്ടൽ മുഖേന സൗജന്യമായി ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യവും സ്റ്റാളിൽ ക്രമീകരിച്ചിരുന്നു. സംരംഭങ്ങൾ തുടങ്ങുവാൻ താത്പര്യമുള്ള ഭിന്നശേഷിക്കാർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഡി.പി.ആർ ക്ലിനിക്കും, ഭിന്നശേഷിക്കാർ നിർമ്മിച്ച ഉത്പന്നങ്ങളുടെ വിപണനവുമുണ്ടായിരുന്നു.

ഏപ്രിൽ17 ന് വൈകിട്ട് 5 ന് സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ ഫുട്ബോൾ പ്രദർശന മത്സരം ബീച്ചിൽ നടന്നു.



സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ ഫുട്ബോൾ മത്സരം മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

"ഭരണഘടനയും പാർശ്വവത്കരിക്കപ്പെട്ടവരുടെ സാമൂഹ്യനീതിയും" എന്ന വിഷയത്തിൽ ഏപ്രിൽ 18, 10 മണിക്ക് ബീച്ചിലെ വേദിയിൽ നടന്ന സെമിനാറിൽ, നാഷണൽ ജ്യുഡിഷ്യൽ അക്കാദമി മുൻ ഡയറക്ടർ ഡോ. ജി. മോഹൻ ഗോപാൽ വിഷയം അവതരിപ്പിച്ചു. തൃശൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷന്റെ നേതൃത്വത്തിലുള്ള റിഹാബ് എക്സ്പ്രസ് മൊബൈൽ മെഡിക്കൽ യൂണിറ്റ് മുഖേന ഭിന്നശേഷിക്കാർക്കായുള്ള തെറാപ്പി സേവനങ്ങൾ 17 മുതൽ 19 വരെ ലഭ്യമാക്കി. ആലപ്പുഴ ഗവ. ദന്തൽ മെഡിക്കൽ കോളേജിന്റെ മൊബൈൽ ദന്തൽ ചികിത്സ സേവനം ഏപ്രിൽ 20 മുതൽ 22 വരെ രാവിലെ 10.30 മുതൽ ഉച്ചക്ക് 2 വരെ പ്രത്യേകമായി ക്രമീകരിച്ചു. വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ച് വിവരിക്കുന്ന പ്രദർശന ബോർഡുകൾ, വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച ഡോക്യുമെന്ററി പ്രദർശനം, ലഘുലേഖകളുടെ വിതരണം എന്നിവയും സ്റ്റാളിൽ ക്രമീകരിച്ചിരുന്നു. 'സംരംഭം' ഡി.പി.ആർ ക്ലിനിക് മുഖേന 91 പേർക്ക് സേവനം നൽകി.

### സാമൂഹ്യനീതി വകുപ്പിന്റെ ഓഫീസ് സമുച്ചയം നിർമ്മാണോദ്ഘാടനം

സാമൂഹ്യ നീതി വകുപ്പിന്റെ ആലപ്പുഴ ജില്ലയിലെ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനവും ജില്ലാ സാമൂഹ്യ നീതി ഓഫീസിനായുള്ള കെട്ടിടത്തിന്റെ ശിലാസ്ഥാപനവും

സാമൂഹ്യനീതി–ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ. ബിന്ദു സിവിൽ സ്റ്റേഷൻ വളപ്പിൽ നിർവ്വഹിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസ്, ജില്ല പ്രൊബേഷൻ ഓഫീസ്, കോൺഫറൻസ് ഹാൾ, കാന്റീൻ എന്നിവ ഉൾപ്പെടുന്ന മൂന്ന് നില കെട്ടിടമാണ് നിർമ്മിക്കുന്നത്. ഇതിനായി ഒരു കോടി അറുപത്തിരണ്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.



വയോജനങ്ങൾക്ക് പ്രതിസന്ധിഘട്ടങ്ങളിൽ ഭക്ഷണം, ആശുപത്രിയിലെത്തുന്നതിനുള്ള വാഹന സൗകര്യം, മരുന്ന്, താമസം എന്നിവയെല്ലാം ഉറപ്പാക്കുന്നതിനുള്ള ‘വയോരക്ഷ’ പദ്ധതി കഴിഞ്ഞ ഒരു വർഷത്തിൽ ജില്ലയിൽ നാൽപ്പത് വയോജനങ്ങൾക്ക് പ്രയോജനമായെന്നും, ഭിന്നശേഷിക്കാരുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി വഴി ആലപ്പുഴ ജില്ലയിൽ അൻപത് പെൺകുട്ടികൾക്ക് സഹായം നൽകിയെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷനായി. എ. എം. ആരിഫ് എം. പി. മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, ജില്ല കളക്ടർ ഹരിത വി. കുമാർ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് മായിത്തറ വൃദ്ധ വികലാംഗ സദനത്തിലെ അന്തേവാസികളുടെ കുടുംബ സംഗമം ‘സ്നേഹാദരം 2023’ സാമൂഹ്യനീതി–ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. സ്നേഹവും പരിഗണനയും നൽകിയും അവകാശ സംരക്ഷണവും സേവനങ്ങളും ഉറപ്പ് വരുത്തിച്ചും സർക്കാർ വയോജനങ്ങളെ ചേർത്തു പിടിക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് വയോജന കമ്മീഷൻ ആരംഭിക്കുന്നതിനുള്ള നിയമ നിർമ്മാണം നടന്നുവരികയാണെന്നും മന്ത്രി അറിയിച്ചു.




“സ്നേഹാദരം” 2023 കുടുംബസംഗമം ആലപ്പുഴ ഗവ. വൃദ്ധ– വികലാംഗ സദനത്തിൽ മന്ത്രി ഡോ.ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

ചടങ്ങിൽ സാമൂഹികനീതി വകുപ്പ് മുഖാന്തരം അഡ്ഹോക്ക് ചേർത്തല മണ്ഡലം കമ്മിറ്റിയും ലൂയിസ് ഏബ്രഹാം കോട്ടയവും സംയുക്തമായി സ്പോൺസർ ചെയ്ത കൃത്രിമ കാൽ നെവീൻ പ്രതീഷിന് മന്ത്രി കൈമാറി.



ആലപ്പുഴ ജില്ലാ സാമുഹ്യ നീതി ഓഫീസ് മുഖേന സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കിയ കൃത്രിമ കാൽ സ്നേഹാദരം കുടുംബ സംഗമ വേദിയിൽ വെച്ച് മന്ത്രി ഡോ. ആർ ബിന്ദു ഭിന്നശേഷിക്കാരനായ മാസ്റ്റർ നെവിൻ പ്രതീഷിന് നൽകുന്നു.

## പാലക്കാട്

2023 ആഗസ്റ്റ് 29 ന് കോട്ടേക്കാട് സ്നേഹജ്വാല വൃദ്ധ സദനത്തിൽ സാമൂഹ്യനീതി വകുപ്പിന്റെയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും ആഭിമുഖ്യത്തിൽ മദർ തെരേസയുടെ ജന്മദിനം ജില്ലാതല അനാഥ അഗതി ദിനമായി സമുചിതമായി ആചരിച്ചു.ചടങ്ങിൽ മരുതറോഡ് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ബിനുമോൾ.കെ ദിനാചരണം ഉദ്ഘാടനം ചെയ്തു. ആശയറ്റവരുടെയും നിരാലംബരുടെയും കൈത്താങ്ങായി മദർ മാറിയെന്നു ഫാദർ ജസ്റ്റിൻ കൊല്ലംകണ്ണി അനുസ്മരിച്ചു. മദർ നടത്തിയ കാരുണ്യ പ്രവർത്തനങ്ങൾ സേവനരംഗത്തിന് ആകെ പ്രചോദനം നൽകുന്നതായിരുന്നു എന്ന് ചടങ്ങിൽ സംസാരിച്ച വിഷിഷ്ട വ്യക്തികൾ അനുസ്മരിച്ചു. അനുസ്മരണ ചടങ്ങിനു ശേഷം വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ കലാപരിപാടികളും പാലക്കാട് ദർശൻ സ്കൂൾ ഓഫ് മ്യൂസിക്ക് കലാസംഘം അവതരിപ്പിച്ച ഗാനമേളയും അരങ്ങേറി.



പാലക്കാട് ജില്ലാ സാമൂഹ്യനീതി കാര്യാലയത്തിന്റെ നേതൃത്വത്തിൽ മുതിന്ന പൌരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ദിനാചരണ പരിപാടി ജൂൺ 15 ന് സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി നടന്ന ബോധവത്കരണ റാലി പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിനുമോൾ ഫ്ലാഗ് ഓഫ് ചെയ്തു. ബോധവൽക്കരണ റാലി ജയമാതാ കോളേജിൽ നിന്നും ആരംഭിച്ചു നഗരത്തെ പ്രദക്ഷിണം ചെയ്തുകൊണ്ട് പാലക്കാട് കെ എസ് ആർ ടി സി ബസ്സ് സ്റ്റാന്റിൽ സമാപിച്ചു.





മുതിർന്ന പൌരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണവുമായി ബന്ധപ്പെട്ട ഫ്ലാഷ് മോബ് പാലക്കാട് മേഴ്സി കോളേജ് സോഷ്യൽ വർക്ക് വിഭാഗത്തിലെ വിദ്യാർഥികൾ വിവിധ കേന്ദ്രങ്ങളിൽ അവതരിപ്പിച്ചു.



## പത്തനംതിട്ട

സർക്കാർ കെട്ടിടങ്ങൾ ഭിന്നശേഷിക്കാർക്ക് അനായാസം പ്രാപ്യമാക്കാൻ കഴിയുന്ന തരത്തിൽ നിർമാണ പ്രവർത്തികൾ നടത്തുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ബാരിയർ ഫ്രീ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ അടൂർ, റാന്നി, പത്തനംതിട്ട, തിരുവല്ല, മല്ലപ്പള്ളി, പുറമറ്റം, കല്ലുപാറ , വെണ്ണിക്കുളം, എന്നിവിടങ്ങളിലെ താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ സർക്കാർ ഓഫീസുകളിൽ ഭിന്നശേഷി സൗഹൃദ റാംപ്, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ എന്നിവ നിർമിച്ചു. പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട മിനി സിവിൽ സ്റ്റേഷൻ കോംപ്ലക്സിലെ ഫിനാൻസ് ടവറിൽ നിർമാണം പൂർത്തീകരിച്ച ലിഫ്റ്റിന്റെ ഉദ്ഘാടനം 2023 ആഗസ്റ്റ് 18 ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു നിർവഹിച്ചു. വനിത ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, ജില്ല കളക്ടർ ഡോ ദിവ്യ എസ് അയ്യർ IAS തുടങ്ങിയവർ പങ്കെടുത്തു.





## മലപ്പുറം

### എൽ ഇ ഡി ബൾബ് നിർമാണ പരിശീലനം

ജയിലിലകപ്പെട്ടുകഴിഞ്ഞാൽ ജീവിതം ഇരുട്ടിലായി എന്ന പൊതുബോധം മാറ്റുന്നതിന് ജയിലിൽ കഴിയുന്ന വരുടെയും അവരുടെ കുടുംബത്തിന്റെയും ജീവിതത്തിനു വെളിച്ചം പകരുവാനുള്ള പ്രയത്നത്തിലാണ് സാമൂഹ്യ നീതി വകുപ്പ്.

തിരഞ്ഞെടുത്ത കുറ്റവാളികളെ പരമ്പരാഗത ശിക്ഷാവിധിയായ തടവ്, പിഴ എന്നിവയ്ക്ക് പകരം നല്ലനടപ്പ് മേൽനോട്ടത്തിലൂടെ നവീകരണത്തിനും പുനരധിവാസത്തിനും വിധേയമാക്കുന്നതിനു സാമൂഹ്യ നീതി വകുപ്പ് വഴിയുള്ള സാമൂഹ്യ

പ്രധിരോധ ചികിത്സാ സംവിധാനമാണ് പ്രൊബേഷൻ. കേരളത്തിലെ പ്രൊബേഷൻ സംവിധാനം ആധുനികവത്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ' നേർവഴി'. ജയിലിൽ കഴിഞ്ഞു വരുന്നവരെയും വിവിധ കേസുകളിൽ അകപ്പെട്ടവരെയും സാമൂഹികവും മാനസികവുമായ പരിവർത്തനങ്ങൾ നടത്തി സമൂഹത്തിനു പ്രയോജനപ്പെടുന്ന പൗരന്മാരാക്കി മാറ്റുക, കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുകയും കൂടെ കൂടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും ഇല്ലാതാക്കുക എന്നീ ലക്ഷ്യവും നേർവഴി പദ്ധതിയിലുണ്ട്.

പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ തവനൂർ സെൻട്രൽ ജയിലിലെ താമസക്കാർക്ക് വിവിധ നൈപുണ്യ വികസന പരിശീലനങ്ങളും പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ജയിൽ താമസക്കാർക്കായി എൽ ഇ ഡി ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. ജില്ലാ പ്രൊബേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ മലപ്പുറം ജിലാ ലീഗൽ സർവീസസ് അതോറിറ്റി, കോഴിക്കോട് ആസ്റ്റർ മിംസ് ചാരിറ്റബിൾ ട്രസ്റ്റ് & ആസ്റ്റർ വളണ്ടിയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി നടപ്പിലാക്കിയത്.

സാമൂഹ്യനീതി വകുപ്പിന്റെ തന്നെ മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശ സംരക്ഷണവും ഉന്നമനവും. അതുകൊണ്ടു തന്നെ ഭിന്നശേഷിക്കാരായ ആളുകൾക്ക് പരമാവധി അവസരങ്ങൾ നൽകുകയും അവരുടെ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് പ്രൊബേഷൻ ഓഫീസ് ചെയ്യുന്നത്. തവനൂർ സെൻട്രൽ ജയിലിൽ എൽ ഇ ഡി ബൾബ് നിർമ്മാണ പരിശീലകനായി ജോൺസണെയാണ് നിയോഗിച്ചത്. 99 ശതമാനം ഭിന്നശേഷിക്കാരനായ ട്രെയ്നർ ജോൺസൺ ജയിലിൽ കഴിഞ്ഞുവരുന്നവർക്ക് മോട്ടിവേഷൻ ക്ലാസ് നൽകിയാണ് എൽ ഇ ഡി ബൾബ് നിർമാണ രീതി തടവുകാരെ പരിശീലിപ്പിച്ചത്. രാഷ്ട്രപതിയിൽ നിന്നും ദേശീയ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. ജയിൽ താമസക്കാർക്ക് ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ സ്വന്തമായി വരുമാനം കണ്ടെത്തി ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ വിവിധ തൊഴിൽ നൈപുണ്യം കരസ്ഥമാക്കുക, അതിനവരെ പ്രാപ്തമാക്കുക എന്നിവയാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ സാമൂഹ്യനീതി വകുപ്പ് ലക്ഷ്യം വെക്കുന്നത്.



# തടവറയിൽ നിന്ന് കുടുംബത്തിലേക്ക്

### കുടുംബാഗങ്ങളെ കണ്ണി ചേർത്ത് സാമൂഹ്യനീതി വകുപ്പ്

തമിഴ്നാട് കടലൂരിലെ ചെറിയ ഗ്രാമത്തിൽ നിന്നും ജോലി തേടി 30 വർഷം മുൻപാണ് ജീവിതം പച്ച പിടിപ്പിക്കാനായി സുബ്രഹ്മണ്ണി വിദേശത്ത് പോയത്. സുബ്രഹ്മണ്യ വിദേശത്ത് ജോലി ചെയ്തെങ്കിലും ശമ്പളം ലഭിക്കുകയോ സ്വന്തം പാസ്പോർട്ട് പോലും തിരിച്ച് ലഭിക്കുകയോ ചെയ്തില്ല .ഈ അവസ്ഥയിൽ ജോലി ചെയ്ത സ്ഥലത്ത് നിന്നും രക്ഷപ്പെട്ടു മറ്റൊരിടത്ത് ജോലി ചെയ്തു വരികയായിരുന്നു. പോലീസ് ചെക്കിങ്ങിൽ ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ 6 മാസത്തോളം വിദേശത്ത് ജയിൽവാസം അനുഭവിച്ചു. ആറുമാസ ശിക്ഷക്ക് ശേഷം ഇന്ത്യയിലേക്കുള്ള വിമാനത്തിൽ സുബ്രഹ്മണ്യയെ കയറ്റിവിട്ടു.

കരിപ്പൂർ എയർപോർട്ടിൽ എത്തിയ തമിഴ് ഭാഷ സംസാരിക്കുന്ന ആളെ ആവശ്യമായ യാത്രാ രേഖകളില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തു മഞ്ചേരി സ്പെഷ്യൽ സബ് ജയിലിൽ എത്തിച്ചു. വീടിനെയും ബന്ധുക്കളേയും കുറിച്ചു സുബ്രഹ്മണ്യ നൽകിയ സൂചനകൾ വെച്ചു പ്രൊബേഷൻ ഓഫീസർമാരുടെ ദേശീയ വാട്സപ്പ് ഗ്രൂപ്പ് മുഖേന കൂടല്ലൂർ പ്രൊബേഷൻ ഓഫീസർക്ക് വിവരം മലപ്പുറം ജില്ലാ പ്രബേഷൻ ഓഫീസിൽ നിന്ന് കൈമാറുകയും കടല്ലൂർ പ്രൊബേഷൻ ഓഫീസർ പോലീസിന്റെ സഹായത്തോടുകൂടി സുബ്രഹ്മണ്യയുടെ കുടുംബാംഗങ്ങളെ കണ്ടെത്തുകയും ചെയ്തു .
ആവശ്യമായ നിയമസഹായം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും ഉറപ്പ് നൽകി. അങ്ങനെ സുബ്രഹ്മണ്യയുടെ സാഹോദരിയും സഹോദരനും തമിഴ്നാട്ടിൽ നിന്ന് കേരളത്തിൽ എത്തി ജയിലിൽ വെച്ച് വീണ്ടും കണ്ടുമുട്ടി .

30 വർഷങ്ങൾക്ക് ശേഷം കുടുംബവുമായി കണ്ണിചേർക്കാൻ സഹായിച്ച സാമൂഹ്യ നീതി വകുപ്പിന്റെ പ്രൊബേഷൻ സവിധാനത്തോടും ലീഗൽ സർവീസസ് അതോറിറ്റിയോടും ജയിൽ അധികൃതരോടും നന്ദി അറിയിച്ചാണ് സുബ്രഹ്മണ്യ ബന്ധുക്കളോടൊപ്പം തിരികെ യാത്ര ആരംഭിച്ചത്.

# വയോജനദിനാഘോഷം ജില്ലകളിൽ

## മലപ്പുറം




ജില്ലാതല വയോജനദിനാഘോഷം ഉദ്ഘാടനം ബഹുമാനപ്പെട്ട മഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ ശ്രീ. യു .അബ്ദുൽ ലത്തീഫ് നിർവഹിക്കുന്നു.




സാമൂഹ്യപ്രവർത്തന മേഖലയിലെ മികവിന് ശ്രീമതി ഗൗരി ടീച്ചറെ ആദരിക്കുന്നു.

## കാസർഗോഡ്



അന്തരാഷ്ട്ര വയോജന ദിനത്തിൽ അവതരിപ്പിച്ച തിരുവാതിര

## പത്തനംതിട്ട



അന്താരാഷ്ട്ര വയോജന ദിനാഘോഷം ഉദ്ഘാടനം ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ നിർവഹിക്കുന്നു.

## കൊല്ലം




വയോജന ദിനാഘോഷം ബഹു. കൊല്ലം എം എൽ .എ ശ്രീ. മുകേഷ് ഉത്ഘാടനം ചെയ്യുന്നു.

# കോഴിക്കോട്



വയോജന ദിനാഘോഷത്തോടനുബന്ധിച്ച് ഒക്ടോബർ 12ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി എം എൽ എ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.



വയോജനങ്ങൾ മാലിന്യമുക്ത പ്രതിജ്ഞ ഏറ്റു ചൊല്ലുന്നു.

# ആലപ്പുഴ




വയോജന ദിനാചരണ പരിപാടി അഡ്വ. യു.പ്രതിഭ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

# വയനാട്



വയനാട് ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. ജുനൈദ് കൈപ്പാണി ഉദ്ഘാടനം ചെയ്യുന്നു

# കോട്ടയം



വയോജന ദിനാചരണത്തിന്റെ ഭാഗമായി ശ്രീ. പൊൻകുന്നം സെയ്ദ്, ശ്രീ. ഇടമറ്റം സുകു, ശ്രീമതി. മാതംഗി സത്യമൂർത്തി എന്നിവരെ ആദരിക്കുന്നു.



വയോജന ദിനാചരണത്തിന്റെ ഭാഗമായ ചടങ്ങ് വീക്ഷിക്കുന്ന കോട്ടയം ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വയോജന ങ്ങൾ





Printed at Sree Chitra Home, Thiruvananthapuram
For subscription enquiries, contact: Director, Directorate of Social Justice, Vikas Bhavan, Thiruvananthapuram-695033
Ph: 0471- 2306040, E-mail: sjdsuneethi@gmail.com